# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-എം3-879/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 16/12/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : സുൽത്താൻബത്തേരി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സുൽത്താൻബത്തേരി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-14,1-35,1-40 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്.കോഴിക്കോട്
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-എം3-879/21 തീയ്യതി: 16/12/2021

## വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 12-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പി.എസ്.വസന്ത | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-10-2021 | 01-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷാജുതോമസ് , ഓഡിറ്റ് ഓഫീസർ
ശ്രീ. നവാസ്.കെ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദു.കെ.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. കെ.വി.ഡേവിഡ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അലി അക്ബർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. വിപിൻ ചന്ദ്രൻ എം.ടി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു ടി.എൽ.. | ചെയർമാൻ | 01-04-2019 | 31-03-2020 |
| ശ്രീ.അലി അസ്ഹർ.എൻ.കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുമിന.ടി.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. കെ.കരുണാകരൻ | പ്രിൻസിപ്പാൾ | 01-04-2019 | 21-11-2019 |
| ശ്രീ.ശുഭാംഗ് | പ്രിൻസിപ്പാൾ | 22-11-2019 | 31-03-2020 |
| ശ്രീ. കെ.മുനവർ | അസി എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ജയകൃഷ്ണൻ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. പ്രജിഷ.പി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഗിരിജ.പി.വി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.നിധിൻ.എസ്.എൽ | മെഡിക്കൽ ഓഫീസർ(PHC) | 01-04-2019 | 03-08-2019 |
| ഡോ.ദിവ്യ.എസ്.നായർ | മെഡിക്കൽ ഓഫീസർ(PHC) | 04-08-2019 | 31-03-2020 |
| ശ്രീമതി. സാലി ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശ്രീമതി.സ്മിത തോമസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2019 | 31-03-2020 |
| ഡോ.ഹരിലാൽ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.സുരേഷ്കുമാർ | മെഡിക്കൽ ഓഫീസർ( ആയുർവേദം | 01-04-2019 | 25-06-2019 |
| ഡോ.യു.ഷാജി | മെഡിക്കൽ ഓഫീസർ( ആയുർവേദം | 26-06-2019 | 31-03-2020 |
| ശ്രീമതി. ജീന.സി | എസ്.സി.ഡി.ഒ | 01-04-2019 | 28-09-2019 |

| | | | |
|---|---|---|---|
| ശ്രീ.നിമേഷ് | എസ്.സി.ഡി.ഒ | 29-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: K.K.Bindu (Asst. Audit Officer, On 07-12-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-1 |
| 2 | വരവ്-ചെലവുകൾ പെരുപ്പിച്ച് ബജറ്റ് തയ്യാറാക്കുന്നു<br>Written By: K.K.Bindu (Asst. Audit Officer, On 26-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-1-1 |
| 3 | ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 26-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-1-2 |
| 4 | ബജറ്റിൽ വരുമാനം വർദ്ധനവിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 26-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: K.K.Bindu (Asst. Audit Officer, On 26-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 26-11-2021) | 1-2 |
| 6 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-3 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-4 |
| 8 | ഫണ്ട് വിനിയോഗം ( ACR)<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-5 |
| 9 | പദ്ധതി അവലോകനം<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-6 |
| 10 | അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-7 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-8 |
| 12 | ക്യാഷ് ബാലൻസ്.<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 13-12-2021) | 1-9 |
| 13 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-10 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം.<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 30-11-2021) | 1-11 |
| 15 | പദ്ധതിരൂപീകരണം -നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-12 |
| 16 | സ്ഥാപന തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: K.M.Navaz (Asst. Audit Officer, On 25-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-13 |
| 17 | സ്വകാര്യ ആശുപത്രിയിലെ എല്ലാ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി | 1-14 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 25-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 13-12-2021) | |
| 18 | വാടക യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണം മൂലം നഗരസഭയ്ക്ക് നഷ്ടം.<br>Written By: David K.V (Asst. Audit Officer, On 26-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-15 |
| 19 | ലേലം ഉറപ്പിച്ച മുറികൾ ഏറ്റെടുക്കാത്ത കരാറുകാരുടെ ഇ.എം.ഡി. മുതൽക്കൂട്ടിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 26-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 02-12-2021) | 1-16 |
| 20 | ബിൽഡിംഗ് റെഗുലറൈസേഷൻ - ആവശ്യമുള്ള പാർക്കിംഗ് നൽകിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 25-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 02-12-2021) | 1-17 |
| 21 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന് ചട്ടപ്രകാരമുള്ള സമയ പരിധി പാലിക്കുന്നില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 25-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 02-12-2021) | 1-18 |
| 22 | വസ്തു നികുതി രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 25-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-19 |
| 23 | വസ്തു നികുതി - കുടിശ്ശിക മുഴുവൻ പിരിച്ചെടുത്തിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 25-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 02-12-2021) | 1-20 |
| 24 | വസ്തുനികുതി നിർണ്ണയിക്കുന്നതിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കുന്നില്ല – നഗരസഭ വരുമാനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 25-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-21 |
| 25 | വസ്തുനികുതി നിർണ്ണയിക്കുന്നതില് - ക്വാർട്ടേഴ്സുകൾ/ഫ്ലാറ്റുകൾ കുറഞ്ഞ റേറ്റിൽ നികുതി പിരിക്കുന്നു – നഗരസഭ വരുമാനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 25-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 13-12-2021) | 1-22 |
| 26 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-പൂർത്തീകരിച്ച പദ്ധതിയുടെ ബാക്കി തുക ഈടാക്കിയില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 02-12-2021) | 1-23 |
| 27 | PMAY ഭവനനിർമ്മാണപദ്ധതി- ഫയലുകൾ സൂക്ഷിക്കുന്നതിൽ അപാകങ്ങൾ.<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 13-12-2021) | 1-24 |
| 28 | സൗഭാഗ്യ ലോൺ തിരിച്ചടവ്-അടച്ച തുക ലോൺ അക്കൗണ്ടിൽ വരവ് വെക്കാത്തത്.<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-25 |
| 29 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് അടക്കുന്നത്-രേഖകൾലഭ്യമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 02-12-2021) | 1-26 |
| 30 | തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നത്-രേഖകൾലഭ്യമല്ലാത്തത്.<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 02-12-2021) | 1-27 |
| 31 | വികസന ഫണ്ടിൽ നിന്നും തുടർ വിദ്യാ കേന്ദ്രങ്ങൾക്ക് ഓഫീസ് സ്റ്റേഷനറി | 1-28 |

| | | |
|---|---|---|
| | വാങ്ങൻ തുക ചെലവഴിച്ചു<br>Written By: K.M.Navaz (Asst. Audit Officer, On 25-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | |
| 32 | ഇ ടെണ്ടർ വിളിക്കാതെ സാധനങ്ങൾ നേരിട്ട് വാങ്ങി<br>Written By: K.M.Navaz (Asst. Audit Officer, On 25-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-29 |
| 33 | ആയുർവേദ മെഡിക്കൽ ഓഫീസർ -പദ്ധതി നടത്തിപ്പ് അപാകത.<br>Written By: K.M.Navaz (Asst. Audit Officer, On 25-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 02-12-2021) | 1-30 |
| 34 | ആയുർവേദ മരുന്ന് വാങ്ങുമ്പോൾ ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയിലബിലിറ്റിസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 02-12-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 14-12-2021) | 1-31 |
| 35 | എസ്.റ്റി. അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 26-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-32 |
| 36 | വയോമിത്രം പദ്ധതിക്ക് വേണ്ടി മരുന്ന് വാങ്ങൽ -14142/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 25-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 14-12-2021) | 1-33 |
| 37 | വയോജന ക്ഷേമത്തിനായി വാട്ടർ ബെഡ്, വാക്കിംഗ് സ്റ്റിക്ക്, എയർ ബെഡ്, വീൽ ചെയർ തുടങ്ങിയവ വാങ്ങൽ -നിലവിലും സപ്ലൈ ചെയ്തിട്ടില്ല.175758/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 25-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 14-12-2021) | 1-34 |
| 38 | പൊതുമരാമത്ത്. മേഖലയിൽ പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കണ്ട പൊതു അപാകതകൾ.<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 02-12-2021) | 1-35 |
| 39 | ടെണ്ടർ നടപടികൾ സുതാര്യമല്ല 1570949 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Shaju Thomas (Audit Officer, On 02-12-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-36 |
| 40 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ചരക്ക് സേവന നികുതി കുറവ് വരുത്തിയില്ല<br>Written By: Shaju Thomas (Audit Officer, On 02-12-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-37 |
| 41 | മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 16-12-2021) | 1-38 |
| 42 | നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.<br>Written By: David K.V (Asst. Audit Officer, On 26-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 02-12-2021) | 1-39 |
| 43 | എസ്.റ്റി. വനിത ഗ്രൂപ്പിന് കോഴി വളർത്തൽ - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 26-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 16-12-2021) | 1-40 |

| | | |
|---|---|---|
| 44 | തിരുനെല്ലി കോളനിയുടെ സമഗ്ര വികസനം - പ്രോജക്ട് രൂപീകരണവും നിർവ്വഹണവും ക്രമപ്രകാരമല്ല.<br>Written By: David K.V (Asst. Audit Officer, On 26-11-2021)<br>Last Updated By: Shaju Thomas (Audit Officer, On 09-12-2021) | 1-41 |
| 45 | കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിച്ച സംരംഭത്തിന് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ നഗരസഭ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 26-11-2021)<br>Last Updated By: Shaju Thomas (Audit Officer, On 09-12-2021) | 1-42 |
| 46 | സുരക്ഷിത നിക്ഷേപം ഇനത്തിൽ കരാറുകാരിൽ നിന്നും ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് നഗരസഭ ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 26-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 02-12-2021) | 1-43 |
| 47 | ദുരിതാശ്വാസനിധി പ്രവർത്തനം<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 1-44 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എസ്.റ്റി. അയൽക്കൂട്ട വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കോഴി വളർത്തൽ -1,13,500 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: K.K.Bindu (Asst. Audit Officer, On 16-12-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 16-12-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 30-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 14-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 30-11-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 30-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 30-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021) | 4-9 |

| | | |
|---|---|---|
| | Last Updated By: K.K.Bindu (Asst. Audit Officer, On 16-12-2021) | |
| 10 | ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക<br>Written By: K.K.Bindu (Asst. Audit Officer, On 30-11-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 30-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.K.Bindu (Asst. Audit Officer, On 07-12-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 15-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയുടെ 24-03-2020 തീയതിയിലെ 1(2) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു.

### 1-1-1 വരവ്-ചെലവുകൾ പെരുപ്പിച്ച് ബജറ്റ് തയ്യാറാക്കുന്നു

1994-ലെ കേരള മുൻസിപ്പാലിറ്റി നിയമം 293-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. സു.ബത്തേരി നഗരസഭയുടെ ബജറ്റ് എസ്റ്റിമേറ്റിനോടൊപ്പം കുറിപ്പുകളും വിശദീകരണങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ യഥാർത്ഥ വരവ് -ചെലവുകൾ കൂടി പരിഗണിച്ചാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ മുൻവർഷങ്ങളിൽ വിവിധ വരവിനങ്ങളിൽ ലഭിച്ച തുകയും ചെലവ് തുകയും പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ചുവടെ കൊടുത്തിരിക്കുന്ന താരതമ്യത്തിൽ നിന്ന് വ്യക്തമാണ്. കില തയ്യാറാക്കുന്ന ഒരു ടൂൾ വെച്ചാണ് ബജറ്റ് തയ്യാറാക്കുന്നത്. നഗരസഭയിൽ അക്കൗണ്ടന്റ് തസ്തിക നിലവിൽ ഇല്ലാത്തത് ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

ബജറ്റ് പ്രകാരവും വാർഷികകണക്ക് പ്രകാരവുമുള്ള കണക്കുകൾ തമ്മിൽ വ്യക്തമായ അന്തരമുണ്ട്.2019-20 ലെ വ്യത്യാസം ഇപ്രകാരമാണ്.

| ഇനം | ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | ₹1,44,26,008/- | ₹3,06,50,854/- | ₹1,62,24,846/- |
| വരവ് | ₹92,13,56,579/- | ₹34,80,04,784/- | ₹57,33,51,795/- |
| ആകെ | ₹93,57,82,587/- | ₹37,86,55,638/- | ₹5,57,12,6949/- |
| ചെലവ് | ₹92,49,18,080/- | ₹33,18,11,680/- | ₹59,31,06,400/- |
| നീക്കിബാക്കി | ₹1,08,64,567/- | ₹4,68,43,958/- | ₹3,59,79,391/- |

### 1-1-2 ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

1994-ലെ നഗരസഭ ആക്ട് 285-ാം വകുപ്പ് പ്രകാരം നഗരസഭ സെക്രട്ടറി ഓരോ വർഷവും ജനവരി 15-ാം തീയതിക്കോ അതിനു മുൻപോ അടുത്ത വർഷത്തെ വരവു ചെലവു കണക്കുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ സെക്രട്ടറി സമർപ്പിച്ചത് 15.02.2019 -നാണ്. അതേ ദിവസം തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി 05.01.19- ന് ബഡ്ജറ്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസം, ക്ഷേമകാര്യം, വികസനകാര്യം, പൊതുമരാമത്ത് ഉടങ്ങിയ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് നിർദ്ദേശം നൽകിയിട്ടില്ല.

2007-ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട് ചട്ടങ്ങൾ) ചട്ടം 63 പ്രകാരം താഴെ പറയുന്ന രേഖകൾ ബജറ്റ് എസ്റ്റിമേറ്റിനോട് കൂടി ഉണ്ടാകേണ്ടതാണ്.

1. Estimate Of Revenue Income.
2. Estimate Of Revenue Expenditure.
3. Estimate Of Capital Receipts.
4. Estimate Of Capital Expenditure.
5. Estimate Of Loans Repayment.
6. Estimate Of Loans And Advances.
7. Estimate Of Deposits And Recoveries.
8. Estimate Of Investments.

മേൽ പറഞ്ഞ രേഖകൾ ബജറ്റ് ഫയലിൽ ഇല്ല.

### 1-1-3 ബജറ്റിൽ വരുമാനം വർദ്ധനവിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

നികുതി പിരിവ് പുരോഗതി സംബന്ധിച്ച് സു.ബത്തേരി നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ചർച്ച ചെയ്തിട്ടില്ല. പുതിയ വരവിനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രായോഗിക വിശകലനങ്ങൾ നടന്നിട്ടില്ലെന്ന് കാണുന്നു. നഗരസഭ നൽകുന്ന വിവിധ സേവനങ്ങളെ അടിസ്ഥാനമാക്കി സേവന ഉപനികുതി ഈടാക്കുന്നത് ഉൾപ്പെടെയുള്ള സാധ്യത പരിശോധിച്ചതായി കാണുന്നില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതര വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്.ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല.

ബജറ്റിനു പ്രത്യേകമായി സോഫ്റ്റ് വെയർ തയ്യാറാക്കി സാഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യേണ്ടതാണ്. സാംഖ്യയിൽ നിന്നും ബജറ്റ് രൂപീകരിക്കുന്നതിന് മോഡ്യൂൾ രൂപീകരിച്ച് ബജറ്റും ഡബിൾ എൻട്രി അടിസ്ഥാനത്തിലേക്ക് മാറ്റേണ്ടതാണ്.

1994-ലെ കേരള മുൻസിപ്പാലിറ്റി നിയമം 214-ാം വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കണം.

നഗരസഭയുടെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശം, നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് നഗരസഭ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.നഗരസഭയിൽ അക്കൗണ്ടന്റ് തസ്തിക രൂപീകരിക്കേണ്ടതാണ്.

സെക്രട്ടറി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമിക കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. ജനുവരി 15-നുള്ളിൽ സെക്രട്ടറി ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടയും ബജറ്റ് നിർദ്ദേശം പരിശോധിക്കേണ്ടതാണ്. വാർഡ്സഭ/വാർഡ് കമ്മിറ്റികളിൽ നിന്നും വർക്കിംഗ് ഗ്രൂപ്പ് ഉടങ്ങിയവയിൽ നിന്നും ഉയർന്നു വരുന്ന ജനാഭിലാഷങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

ബജറ്റ് എസ്റ്റിമേറ്റിനോട് കൂടെ നിയമപ്രകാരം ഉണ്ടാകേണ്ട രേഖകൾ ഉണ്ടോ എന്ന് സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബജറ്റ് ഭരണ സമിതിക്ക് നൽകുന്നതിന് മുൻപ് ഉറപ്പു വരുത്തേണ്ടതാണ്.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നഗരസഭ പരിധിയിലെ കേബിൾ ടി.വി നെറ്റ് വർക്കുകളിൽ നിന്നും സ്പെഷ്യൽ ഫീ ഈടാക്കാൻ പറ്റുമോ എന്ന് പരിശോധിക്കേണ്ടതാണ്.

നഗരസഭ പരിധിയിലെ ടൂറിസം സ്പോട്ടുകളുടെ ഡാറ്റ ബേസ് തയ്യാറാക്കേണ്ടതും വരുമാനം ലഭിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് നഗരസഭ ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 18.08.20 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 11.10.21-20.10.21 | KSAWYD.M1-843/21/13.03.21 |

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയഅപാകതകൾ

1.ഓഡിറ്റിന് സമർപ്പിച്ച വാർഷികധനകാര്യപത്രികയിൽ അടിസ്ഥാനഅനുപാതങ്ങൾ,പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയത്തെ കുറിച്ചുള്ള കുറിപ്പുകൾ,ട്രയൽ ബാലൻസ് എന്നിവ വെച്ചിട്ടില്ല.(2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട് ചട്ടങ്ങൾ ,ചട്ടം 58 കാണുക)

2.ബാലൻസ് ഷീറ്റിൽ B3=B11+B11(a) ആകുന്നില്ല.അതായത് അസറ്റ് നിർമ്മാണത്തിന് ഉപയോഗിച്ച തനതുഫണ്ട് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ആയി മാറ്റിയിട്ടില്ല.

3.ഷെഡ്യൂൾ B9 ൽ 21409 രൂപയുടെ Stale ചെക്കുകൾ കാണിച്ചിട്ടുണ്ട്.എന്നാൽ ഇവയുടെ വിവരം വ്യക്തമാക്കിയിട്ടില്ല.

4.വാർഷികകണക്കുകളിലെ വരവുകളും എ.സി.ആർ.പ്രകാരമുള്ള വരവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഇനം | AFS പ്രകാരം | ACR പ്രകാരം |
|---|---|---|
| വികസനഫണ്ട്<br>ടി.എസ്.പി | 1,36,15,745 | 1,63,61,457 |
| മെയിന്റനൻസ് ഫണ്ട്<br>റോഡ് | 92,07,532 | 1,35,96,868 |
| കേന്ദ്രഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 24,76,828 | 35,67,811 |

5.വരവിനങ്ങൾക്ക് ഡിമാന്റ് കണക്കാക്കുന്നതിൽ കൃത്യതയില്ല.മുൻവർഷത്തെ ഡിമാന്റിനെക്കാൾ 10 %കൂടുതൽ ഡിമാന്റ് ചെയ്യുന്നു എന്നല്ലാതെ വിവരശേഖരണം നടത്തി ഡിമാന്റ് കണക്കാക്കുന്നില്ല.

6.2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട് ചട്ടങ്ങളിലെ ചാപ്റ്റർ 6,(ചട്ടം 53,54)period End Reconciliation Procedures കൃത്യമായി പാലിക്കുന്നില്ല.പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല.ഡെപ്പോസിറ്റുകൾ ,അഡ്വാൻസുകൾ എന്നിവ റീകൺസിലിയേഷൻ നടത്തുന്നില്ല.ഫിക്സഡ് അസറ്റുകൾ,സ്റ്റോറുകൾ എന്നിവ റീകൺസിലിയേഷൻ നടത്തുകയോ ഭൌതികപരിശോധന നടത്തുകയോ ചെയ്യുന്നില്ല.

7.കേന്ദ്രസംസ്ഥാന ആവിഷ്കൃത പദ്ധതികൾ ,മറ്റ് സ്ഥാപനങ്ങൾ ഏജൻസികൾ ഇവയിൽ നിന്നും ലഭിക്കുന്ന വരവുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നില്ല.ആയതിനാൽ ഇവയുടെ നീക്കിബാക്കി വിവരങ്ങൾ കണക്കുകളിൽ ലഭ്യമല്ല.

8.ആവശ്യത്തിൽ കൂടുതൽ ബാങ്ക് അക്കൌണ്ടുകളും ട്രഷറി അക്കൌണ്ടുകളും സൂക്ഷിക്കുന്നതിനാൽ റീക്കൺസിലിയേഷൻ നടപടികൾ സങ്കീർണ്ണമാകുന്നു.പ്രത്യേക ആവശ്യങ്ങൾക്കായി തുടങ്ങുന്ന ബാങ്ക് അക്കൌണ്ടുകൾ ആവശ്യം കഴിഞ്ഞാൽ ക്ലോസ്സ് ചെയ്യാതെ സൂക്ഷിക്കുന്നതിനാൽ അക്കൌണ്ടുകളുടെ എണ്ണം വർദ്ധിക്കുന്നു.

9.വസ്തുനികുതി-സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടുണ്ടെങ്കിലും മാപ്പിംഗ്,പ്യൂരിഫിക്കേഷൻ എന്നിവ പൂർത്തിയാകാത്തതിനാൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

10.സ്ഥാപനത്തിൽ ഉപയോഗത്തിലിരിക്കുന്ന വിവിധ സോഫ്റ്റ്വെയറുകളുടെ ഇന്റഗ്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.സോഫ്റ്റ് വെയറുകളുടെ ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയാക്കാത്തതിൻ വിവിധ റിപ്പോർട്ടുകൾ കിട്ടുന്നതിൽ ഇപ്പോഴും ബുദ്ധിമുട്ട് നേരിടുന്നു.

11. ആസ്തിരജിസ്റ്റർ 2019-20 വരെ കാലികമാക്കിയതായി കാണുന്നുണ്ടെങ്കിലും റോഡുകളുടെ തരം,നിർമ്മാണവർഷം,വാർഷിക ചെലവ് എന്നിങ്ങനെയുള്ള വിവരങ്ങൾ ചേർത്തിട്ടില്ല.ആസ്തിരജിസ്റ്റർ സചിത്രസോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടില്ല.ആസ്തിരജിസ്റ്ററിൽ ആസ്തികളുടെ മൂല്യം നിർണ്ണയിച്ചിട്ടില്ല.വാർഷിക കണക്കുകളിൽ ചേർത്തിട്ടുള്ള ആസ്തിമൂല്യം ആസ്തിരജിസ്റ്ററുമായി ബന്ധപ്പെടുന്നില്ല.

12.പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കപ്പെടാതെ തുടരുന്നുണ്ട്.ബാലൻസ് ഷീറ്റിലെ B4-ഷെഡ്യൂളിൽ കാണുന്ന ബാലൻസ് തുകകൾ ഏതൊക്കെയാണെന്നോ ഏത് അക്കൌണ്ടിലാണെന്നോ വിശദീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

13. വായ്പ രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.ആയതിനാൽ വാർഷികകണക്കുകളിലെ വിവരങ്ങൾ ഒത്തുനോക്കുവാൻ സാധിച്ചിട്ടില്ല.

14.നഗരസഭയിലെ വിവിധവിഭാഗങ്ങൾ തമ്മിൽഏകോപനമില്ലാത്തത് അക്കൌണ്ടിംഗിൽ പോരായ്മകൾ വരുത്തുന്നു.വിവിധ നിരവഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിലെ തുകകൾ,നിക്ഷേപപ്രവൃത്തികൾക്ക് നൽകുന്ന തുകകൾ,പാർട്ട് ബില്ലുകൾ എന്നിവ വാർഷികകണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

15.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.9 ൽ ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടുള്ള തുകയിൽ 5,283542, രൂപ വസ്തു നികുതിയിനത്തിൽ തനത് ഫണ്ട് വരുമാനമായി കണക്കാക്കേണ്ടതിന് പകരം ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ ഉൾപ്പെടുത്തിയതിനാൽ സ്ഥാപനത്തിൻെറ ഇല്ലാത്ത ബാധ്യതയായി ബാലൻസ് ഷീറ്റിൽ കാണുന്നു.

16.മുൻവർഷത്തെ വാർഷിക ധനകാര്യപത്രികയിൻമേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിച്ചിട്ടില്ല

17. താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടിന്റെ പാസ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെൻറ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| AFS -Receipt & Payment Schedule 40(b) പ്രകാരമുള്ള വിവരം | വാർഷിക കണക്ക് പ്രകാരം 31/03/2020 ലെ നീക്കിയിരിപ്പ് |
|---|---|
| Union Bank NREGA | ₹1000 |

മുൻവർഷത്തെ നീക്കിബാക്കി വിവരം തന്നെയാണ് ഈ വർഷവും നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്.

18.ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

19.സ്ഥിര ആസ്തികളിൻമേൽ ഡിപ്രീസിയേഷൻ നൽകിയിട്ടില്ല.

20.അഡ്വാൻസ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

21. തൊഴിൽ നികുതി, വസ്തു നികുതി, കെട്ടിട വാടക, ബിൽഡിംഗ് പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ, ടെണ്ടർ ഫോറം വിൽപ്പന ഡി&ഒ ലൈസൻസ് ഫീസ് എന്നിവയുടെ സംക്ഷിപ്തം എന്നിവ വാർഷികകണക്കുകളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

22.ആസ്തി രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ല.അതുകൊണ്ട് തന്നെ വാർഷികകണക്കുകളിലെ ഈയിനത്തിലെ തുകകൾ ഒത്തുനോക്കുവാൻ സാധിച്ചിട്ടില്ല.

23. B-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. B4 ഷെഡ്യൂളും B-17 ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല.

24.തനതുഫണ്ട് സൂക്ഷിക്കുവാൻ ട്രഷറി അക്കൌണ്ട് കൂടാതെ മൂന്ന് ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിച്ചതായി കാണുന്നു.സർക്കുലർ നമ്പർ 58725/FM3/2008/ത.സ്വ.ഭ.വ26.05.11 പ്രകാരം ട്രഷറി അക്കൌണ്ടിനു പുറമേ ഒരു ബാങ്ക് അക്കൌണ്ട് മാത്രമാണ് സൂക്ഷിക്കാവുന്നത്.

25.വാർഷികകണക്കുകളിലെ റവന്യൂ ചെലവുകളും ക്യാപിറ്റൽ ചെലവുകളും കൃത്യമായി വേർതിരിച്ചുനൽകാത്തതുകൊണ്ടും ഡിപ്രിസിയേഷൻ രേഖപ്പെടുത്താതെ നൽകുന്നതുകൊണ്ടും ആസ്തിമൂല്യം കണക്കാക്കാത്തതുകൊണ്ടും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ Deficit/Surplus പ്രതിഫലിപ്പിക്കുന്നില്ല.ബാലൻസ് ഷീറ്റിൽ പ്രതിഫലിപ്പിക്കുന്ന ആസ്തിബാദ്ധ്യതാവിവരങ്ങൾ പൂർണ്ണമല്ല.

26ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.ഇൻവെസ്റ്റ്മെന്റിൽ നിന്ന് കിട്ടുന്ന പലിശ കൂടി ചേർത്ത് ഇൻവെസ്റ്റ്മെന്റ് പുതുക്കുന്നുണ്ടെങ്കിലും വാൽഷികകണക്കിൽ അത് കാണുന്നില്ല.

27അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുടെ രജിസ്റ്ററിലെ വിവരങ്ങളും വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റ് എൻക്വയറി.നം. 6 തീയതി 20.10.21 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,06,50,854/- |
| വരവ് | 37,86,55,638/- |
| ആകെ | 40,93,06,492/- |
| ചെലവ് | 36,24,62,534/- |
| നീക്കിയിരിപ്പ് | 46,84,39,58/- |

## 1-5 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | - | 1,68,09,352 | 1,68,09,352 | 1,31,84,483 | 36,24,869 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | - | 69,37,000 | 69,37,000 | 43,76,779 | 25,60,221 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | - | 2,32,46,334 | 2,32,46,334 | 1,63,61,457 | 68,84,877 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 3,05,17,000 | 3,05,17,000 | 1,35,96,868 | 1,69,20,132 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 72,34,000 | 72,34,000 | 11,29,116 | 61,04,884 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 1,73,07,000 | 1,73,07,000 | 3567811 | 1,37,39,189 |
| ജനറൽ പർപ്പസ് ഗ്രാന്റ് | - | 1,96,24,412 | 1,96,24,412 | 1,69,78,030 | 26,46,382 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 515 | 25,09,53,223 | 200 | 9,50,17,426 | - | 315 | 38.83 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവേദം | 8 | 8 | 17,30,408 | 17,30,407 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 2 | 7,79,449 | 5,19,429 | 66.64 |
| | | | | | |
| കൃഷി ഓഫീസർ | 8 | 4 | 52,91,666 | 22,76,250 | 43.02 |
| ടി.ഇ.ഒ | 1 | 0 | 3,50,000 | 0 | 0 |
| സെക്രട്ടറി, നഗരസഭ | 33 | 23 | 4,27,95,727 | 2,69,67,185 | 63.01 |
| വെറ്റിനറി സർജൻ | 2 | 1 | 10,50,000 | 7,00,000 | 66.67 |
| ഡെപ്യൂട്ടി ക്ഷീരവികസനം | 3 | 3 | 23,32,473 | 23,32,473 | 100 |
| മുനിസിപ്പൽ എഞ്ചിനീയർ | 416 | 133 | 17,69,63,574 | 4,79,70,724 | 27.11 |
| ICDS സൂപ്പർ വൈസർ | 13 | 12 | 1,00,50,300 | 85,98,464 | 85.55 |
| പ്രിൻസിപ്പൽ ഹയർ സെക്കണ്ടറി | 16 | 3 | 61,98,326 | 19,84,414 | 32.02 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.എസ്.സി | 11 | 11 | 34,11,300 | 19,38,080 | 56.81 |

## 1-7 അയ്യങ്കാളി തൊഴിലുറപ്പ്പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | | | 4,19,567 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 27,23,594 | 50,98,560 | 78,22,244 | 71,75,973 | 2,28,360 |

| | | | | | |
|---|---|---|---|---|---|
| | | (5000000+ 98650, Interest) | | | |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 760 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 26,08,300 | 521 |
| വിധവാപെൻഷൻ | 98,17,200 | 1758 |
| വാർദ്ധക്യകാലപെൻഷൻ | 1,23,83,100 | 2461 |
| വികലാംഗപെൻഷൻ | 26,06,500 | 469 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,80,000 | 6 |

## 1-9 ക്യാഷ് ബാലൻസ്.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന .

21.10.2021 തീയ്യതിയിൽ 3.15 മണിയ്ക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 61697/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷൻ 9 സോഫ്റ്റ് വെയറുകൾ (സാംഖ്യ, സഞ്ചയ,സേവന,സുലേഖ, സചിത്ര, സങ്കേതം,സ്ഥാപന, സകർമ്മ, സൂചിക) സു.ബത്തേരി നഗരസഭക്ക് ലഭ്യമാക്കുന്നുണ്ട്.സൂചിക Bulk Inward Posting -നു മാത്രമാണ് ഉപയോഗിക്കുന്നത്. ഫയൽ നീക്കങ്ങൾ രേഖപ്പെടുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും, പേപ്പർലെസ്സ് ഓഫീസിനും സൂചിക ഉപയോഗിക്കുന്നില്ല. പൊതുജനങ്ങൾക്ക് ഫയലുകളുടെ നിജസ്ഥിതി അറിയുന്നതിനുള്ള ടച്ച് സ്ക്രീൻ സംവിധാനം നഗരസഭയിൽ ഏർപ്പെടുത്തിയിട്ടില്ല.

കമ്മിറ്റി തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നില്ല (നഗരസഭ കമ്മിറ്റി മിനിട്ട്സ് ഉൾപ്പെടെ എല്ലാം രജിസ്റ്ററിൽ എഴുതുകയാണ് ചെയ്യുന്നത്). മുൻസിപ്പൽ കൗൺസിൽ ഇതു വരെ അത് സംബന്ധിച്ച തീരുമാനം എടുക്കാത്തതിനാൽ ആണ് നിലവിലും സകർമ്മ ഉപയോഗിക്കാത്തത്. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള സോഫ്റ്റ് വെയർ ആയ സങ്കേതം/IBPMS സോഫ്റ്റ് വെയർ ഉപയോഗിക്കുന്നില്ല.

സചിത്ര സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2019-20 -ൽ ഓൺലൈനായി വസ്തു നികുതി അടവാക്കിയിരിക്കുന്നത് 1.8% ആളുകൾ മാത്രമാണ്. മറ്റു നികുതി, നികുതിയേതര വരുമാനങ്ങൾ ഓൺലൈനായി അടവാക്കുന്നില്ല.സർക്കാർ ഉത്തരവ് (സാധാ) നം. 540/2019/തസ്വഭവ/06.03.2019 പ്രകാരം നഗരസഭകളിലെ വസ്തു നികുതിപരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01.04.2016 ആയി നിജപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, 01.04.2016 മുൻപുള്ള കുടിശ്ശിക തുക അടവാക്കാൻ ഗുണഭോക്താക്കൾ വിമുഖത കാണിക്കുന്നുണ്ട്. എന്നാൽ, 01.04.2016- ന് മുൻപ് അടവാക്കേണ്ട തുക സഞ്ചയയിൽ കുടിശ്ശിക ഡിമാന്റ് ആയി കാണിക്കുന്നുണ്ട്.

നികുതി നിർണ്ണയത്തിലെ പ്രശ്നങ്ങൾമൂലം നഗരസഭയ്ക്ക് തനതുവരുമാനത്തിൽ കുറവുണ്ടാകുന്നു.

A) കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിന് അനുസരിച്ച നികുതി നിശ്ചയിക്കാത്തതിനാൽ നികുതി വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു.

സ.ഉ(സാദാ)നം.540/19 പ്രകാരം നഗരസഭകളിലെ വസ്തുനികുതി പരിഷ്ക്കരണത്തിന്റെ പ്രാബല്യ തിയ്യതി 01/04/16 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.ടി ഉത്തരവ് ഉള്ളതിനാൽ 01/04/16 ന് മുൻപുള്ള കുടിശ്ശിക തുക അടവാക്കാൻ ആളുകൾ വിമുഖത കാണിക്കുകയും സഞ്ചയയിൽ ഡിമാന്റ് ആയി നിൽക്കുകയും ചെയ്യുന്നതിനാൽ വസ്തു നികുതിയുടെ കുടിശ്ശിക തുക അധികമായി കാണുന്നു.

സു. ബത്തേരി മുൻസിപ്പാലിറ്റിയിൽ തൊഴിൽ നികുതി ഡാറ്റ ബേസ് പൂർണ്ണമല്ല. കേരള മുൻസിപ്പാലിറ്റി നിയമം 1994 വകുപ്പ് 257 പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക പിരിവിന്റെ കൃത്യത

പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്തുന്നില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നിയമാനുസൃതമല്ലാതെ ഇളവ് നൽകിയത് മൂലം വർഷങ്ങളായുള്ള വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും വിവിധ വ്യക്തികൾ നിയമാനുസൃതമായ ലേല നടപടികളിലൂടെ കൈവശം വെച്ചു വരുന്നതുമായ വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ലേല വ്യവസ്ഥകൾക്കും 1998 ലെ കേരള പഞ്ചായത്ത് രാജ് കരാറുകാർക്കും പാട്ടക്കാർക്കും കിഴിവു നൽകൽ ചട്ടങ്ങൾക്കും വിരുദ്ധമായി, പ്രതിമാസ വാടക ഒടുക്കേണ്ട തുകയിൽ ഇളവ് നൽകി ഈടാക്കിയതു കാരണം തനത് ഫണ്ട് വരുമാനത്തിൽ 2006-07 മുതൽ നഷ്ടം സംഭവിച്ചു വരുന്നു. 2019-20 വർഷത്തിലും യഥാർത്ഥത്തിൽ ഈടാക്കേണ്ടതിലും കുറഞ്ഞ നിരക്കിൽ തന്നെയാണ് വാടക ഈടാക്കിക്കൊണ്ടിരിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ വ്യാപാരികളും ലൈസൻസ് എടുത്തിട്ടില്ല.പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളിലെ വ്യാപാര സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽഉൾപ്പെട്ടിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളെ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൌതികസാഹചര്യം സംബന്ധിച്ച് വിവരങ്ങൾ അവലോകനം ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കിയതായി കാണുന്നില്ല.

സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കിയതായോ സെക്ഷനുകൾ വിഭജിച്ച് നൽകിയതായോ കാണുന്നില്ല.പ്രതിമാസം ഓഫീസ് മീറ്റിംഗ് ചേരുന്നില്ല,

ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | -21-08-2015 | 2014-15 | 25-08-2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-12-2018 To<br>31-12-2018 | 2013-14 To<br>2017-18 | 7-02-2019 |

## 1-12 പദ്ധതിരൂപീകരണം -നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

നഗരസഭയിൽ പദ്ധതി രൂപീകരണം നടത്തിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.എല്ലാ വ്രക്കിംഗ് ഗ്രൂപ്പുകളിലും ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് പ്രവ്രത്തനങ്ങൾ ഒന്നും നടന്നിട്ടില്ല.മുൻ വർഷങ്ങളിലെ പദ്ധതിനടത്തിപ്പ് അവലോകനം ചെയ്യുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടില്ലവാർഡ് സഭകളിൽ പദ്ധതിനടത്തിപ്പ് അവലോകനം ചെയ്തതായി കാണുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകളിൽ ശുപാർശ ചെയ്യുന്ന പ്രോജക്ടുകൾ വാർഡ് സഭകളിൽ ചർച്ച ചെയ്ത് അന്തിമപദ്ധതിയിലേക്ക് എത്തുന്നതായി കാണുന്നില്ല.വ്രക്കിംഗ് ഗ്രൂപ്പുകളിലും വാർഡ് സഭകളിലും പദ്ധതിനിർദ്ദേശങ്ങൾ വരുന്നു എന്നതല്ലാതെ പദ്ധതികൾ സംബന്ധിച്ച് ക്രിയാത്മകചർച്ചകൾ നടന്ന് അന്തിമപദ്ധതികൾ രൂപപ്പെടുന്നതായി കാണുന്നില്ല.പ്രോജക്ട് നടപ്പാക്കേണ്ടതിന്റെ ആവശ്യകതയോ, എങ്ങനെ നടപ്പാക്കണം എന്നുപോലുമോ വർക്കിംഗ് ഗ്രൂപ്പുകളിലോ സ്റ്റാൻഡിംഗ് കമ്മിറ്റികളിലോ ചർച്ച ചെയ്യപ്പെടുന്നില്ല.കൂടാതെ പ്രോജക്ട് തയ്യാറാക്കുമ്പോൾ പോലും പ്രോജക്ടിലെ പ്രവത്തനങ്ങൾ എന്താണെന്നോ,തുക എങ്ങനെ വിനിയോഗിക്കണമെന്നോ വ്യക്തത വരുത്തുന്നില്ല.

എല്ലാ വ്രക്കിംഗ് ഗ്രൂപ്പുകളിലും ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് പ്രവ്രത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. 2018-19വർഷത്തെ പദ്ധതിനടത്തിപ്പ് അവലോകനം ചെയ്യുന്നതിന് വ്രക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പദ്ധതിനിർദ്ദേശങ്ങൾ ,സ്റ്റാറ്റസ് റിപ്പോർട്ട് , കരട് വികസനരേഖ എന്നിവ വാർഡ് സഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല.

വിവിധ വിഭവസമാഹരണസാദ്ധ്യതകൾ പരിഗണിച്ച് പദ്ധതിയുടെ അടങ്കൽ തുക, തദ്ദേശഭരണസ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയമേഖലയിലേക്കുംഉപമേഖലക്കും വകയിരുത്താവുന്ന അടങ്കൽ തുക പ്രമേയം മുഖേന ഭരണസമിതി തീരുമാനിക്കുകയോ, സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുകയോ, അതനുസരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പുകളോട് പദ്ധതി രൂപീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല . നടപ്പു പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. ചേർന്ന യോഗത്തിന്റെ വ്രക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ എഴുതിപൂർത്തീകരിച്ചില്ല. പദ്ധതി നടത്തിപ്പ് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നടന്നിട്ടില്ല.നിർവ്വഹണ യോഗ്യമല്ലാത്ത പദ്ധതികൾ ആവിഷ്കരിക്കുന്നത് കാരണം പദ്ധതികൾ

നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ട്. പൊതു മരാമത്ത്മേഖലയിലെ പദ്ധതികളുടെ എണ്ണത്തിലെ ആധിക്യം പദ്ധതികൾ നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാക്കുന്നു.സ്ഥാപനത്തിന് ലഭിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ അതാത് ആവശ്യത്തിന് സമയ ബന്ധിതമായി വിനിയോഗിക്കുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്യാത്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളതിൽ അധികവും.ഉദാഹരണമായി അസി.എഞ്ചിനീയർക്ക് പൊതുമരാമത്ത് മേഖലയിൽ 415 പദ്ധതികൾ നടപ്പാക്കാൻ ഉണ്ടായിരുന്നെങ്കിലും 7 പദ്ധതികൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തിട്ടുള്ളത്.2019-20 വർഷം വർക്കിംഗ് ഗ്രൂപ്പിൽ 23 പദ്ധതികൾ മാത്രമാണ് ചർച്ചചെയ്തത് എന്നാൽ 415 പദ്ധതികൾ പ്രസ്തുതമേഖലയിൽ രൂപീകരിക്കപ്പെട്ടു.പദ്ധതിനിർദേശങ്ങൾ നൽകിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിനും വികസന സെമിനാറിനും ഇടക്ക് മറ്റ് വ്രക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ഇല്ലാത്തതിനാൽ തന്നെ പദ്ധതിരൂപീകരണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നല്ലൊരു പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-13 സ്ഥാപന തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2019-20 വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച് നഗരസഭയിൽ നിന്നും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | HDFC ബാങ്ക് | 1 |
| 2 | സുൽത്താൻ ബത്തേരി സർവീസ് സഹകരണ ബാങ്ക്, ബീനാച്ചി ബ്രാഞ്ച് | 1, 2 |
| 3 | സുൽത്താൻ ബത്തേരി സർവീസ് സഹകരണ ബാങ്ക്, പൂമല ബ്രാഞ്ച് | 1, 2 |
| 4 | സുൽത്താൻ ബത്തേരി സർവീസ് സഹകരണ ബാങ്ക്, കോട്ടക്കുന്ന് ബ്രാഞ്ച് | 1, 2 |
| 5 | MC Lods ഇംഗ്ലീഷ് സ്കൂൾ | 2 |
| 6 | ക്ലാസിക് സ്കൂബൈക്ക്സ് , ബത്തേരി | 2 |
| 7 | സുൽത്താൻ ബത്തേരി കോപ്പറേറ്റീവ് എഡ്യുക്കേഷനൽ സൊസൈറ്റി | 1,2 |
| 8 | ബി.എസ്.എൻ.എൽ | 1, 2 |
| 9 | ഇഖ്റ ഹോസ്പിറ്റൽ ബത്തേരി | 1, 2 |
| 10 | SETCOS ബത്തേരി | 1, 2 |
| 11 | എബിസി ഹാർഡ് വേർ | 1, 2 |
| 12 | ഇൻഡസ് മോട്ടോഴ്സ് | 1, 2 |
| 13 | ഗ്രോ വയനാട് ഹോളിഡേഴ്സ് | 1, 2 |
| 14 | റീജൻസി ഹോട്ടൽ | 1, 2 |
| 15 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻവ | 1, 2 |
| 16 | വിനായക ഹോസ്പിറ്റൽ | 2 |
| 17 | ട്രെൻഡ്സ് റിലയൻസ് | 1 |
| 18 | കബനി കോഫി ക്യൂറിംഗ് വർക്സ് | 1, 2 |
| 19 | ജോസ് വി ജ്വല്ലേഴ്സ് | 1, 2 |
| 20 | മീര ഇഖ്റ ഹോസ്പിറ്റൽ | 2 |
| 21 | മിന്റ് ഫ്ളവർ ഹോട്ടൽ | 2 |
| 22 | മിന്റ് മാൾ | 2 |
| 23 | ഇ പ്ലാനറ്റ് | 2 |
| 24 | സെഞ്ചറി ഫാഷൻ സെന്റർ | 1, 2 |
| 25 | സപ്ളൈകോ സൂപ്പർ മാർക്കറ്റ് | 1 |
| 26 | മുത്തൂറ്റ് ഫിൻ കോർപ് | 2 |
| 27 | ചോളമണ്ഡലം ഫിനാൻസ് | 2 |

ഓഡിറ്റ് എൻക്വയറി (26/19-20/27.10.21)നൽകിയതിനെ തുടർന്ന് ഇന്ത്യൻ ഓവർസീസ് ബാങ്ക്, യുണൈറ്റഡ് ഇൻഡ്യ ഇൻഷൂറൻസ് എന്നീ സ്ഥാപനങ്ങൾ 2 അർദ്ധ വർഷത്തെയും സ്ഥാപന തൊഴിൽ നികുതി 28.10.21ന് അടച്ചു.

2015 നവംബറിൽ നഗരസഭ നിലവിൽ വന്നെങ്കിലും നഗരസഭ പരിധിയിലുള്ള അഭിഭാഷകർ, പ്രൈവറ്റ് പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, കരാറുകാർ എന്നിവരുടെ ഡിമാന്റ് രജിസ്റ്റർ നാളിതുവരെയായിട്ടും തയ്യാറാക്കിയിട്ടില്ല. തൊഴിൽ നികുതിയിനത്തൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായ മുഴുവൻ തുകയും ലഭ്യമാകുന്നെണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 സ്വകാര്യ ആശുപത്രിയിലെ എല്ലാ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പാരാമെഡിക്കൽ രജിസ്റ്ററേഷൻ പ്രാകാരം സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ, പാരാ മെഡിക്കൽ ജീവനക്കാർ എന്നിവരുടെ എണ്ണം സംബന്ധിച്ച് സ്വകാര്യ ആശുപത്രി ഉടമകൾ സമർപ്പിച്ച എണ്ണത്തിന് അനുസൃതമായി തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പാരാമെഡിക്കൽ രജിസ്റ്ററേഷൻ പ്രകാരം ജീവനക്കാരുടെ എണ്ണം | | തൊഴിൽ നികുതി അടച്ച ജീവനക്കാരുടെ എണ്ണം | |
|---|---|---|---|---|
| | ഡോക്ടർമാർ | മറ്റു ജീവനക്കാർ | ഡോക്ടർമാർ | മറ്റു ജീവനക്കാർ |
| 1)വിനായക ഹോസ്പിറ്റൽ ബത്തേരി | 10 | 93 | Ist Half = 0<br>2nd Half = 0 | Ist Half = 90<br>2nd Half = 105 |
| 2)ഇഖ്റ ഹോസ്പിറ്റൽ ബത്തേരി | 10 | 100 | Ist Half = 11<br>2nd Half = 0 | Ist Half = 94<br>2nd Half = 117 |
| 3)അസംപ്ഷൻ ഹോസ്പിറ്റൽ ബത്തേരി | 8 | 54 | Ist Half = 6<br>2nd Half = 8 | Ist Half = 51<br>2nd Half = 61 |
| 4)വിക്ടറി ഹോസ്പിറ്റൽ ബത്തേരി | 5 | 25 | Ist Half = 4<br>2nd Half = 4 | Ist Half = 10<br>2nd Half = 12 |

തൊഴിൽ നികുതിയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായ മുഴുവൻ തുകയും ലഭ്യമാകുന്നെണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കുടിശ്ശിക തുക പിരിച്ചെടുത്ത് അറിയിക്കേണ്ടതാണ്.

## 1-15 വാടക യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണം മൂലം നഗരസഭയ്ക്ക് നഷ്ടം.

1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമം 539(2) വകുപ്പനുസരിച്ച് യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ചമൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരമപ്പെടുകയും നിയമാനുസൃതമുള്ള ഒരു അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

നഗരസഭയുടെ വാടക കുടിശ്ശിക രജിസ്റ്റർ പ്രകാരം 1985 വർഷം മുതൽ ആകെ ₹41,17,542/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

നഗരസഭ രൂപീകരിക്കപ്പെട്ട 2015-16 വർഷം മുതലുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2015-16 | 164257 |
| 2 | 2016-17 | 53573 |
| 3 | 2017-18 | 37960 |
| 4 | 2018-29 | 236209 |

| | | |
|---|---|---|
| 5 | 2019-20 | 1587211 |
| ആകെ തുക | | ₹20,79,210/- |

മേൽ പറഞ്ഞതിന് പുറമേ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും വിവധ വ്യക്തികൾക്ക് നിയമാനുസൃതമായ ലേല നടപടികളിലൂടെ കൈവസം വച്ചു വരുന്നതുമായ വിവധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ലേല വ്യവസ്ഥകൾക്കും 1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടകാർക്കും ലൈസൻസിക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങൾക്കും വിരുദ്ധമായി, പ്രതിമാസ വാടക ഒടുക്കേണ്ട തുകയിൽ ഇളവ് നൽകി ഈടാക്കിയത് കാരണം തനത് ഫണ്ട് വരുമാനത്തിൽ 2006-07 മുതൽ നഷ്ടം സംഭവിച്ചത് സംബന്ധിച്ച് നഗരസഭയുടെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1-16 -ൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയത്തിൽ നഗരസഭ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. നിയമാനുസൃതമല്ലാതെ ഇളവ് നൽകിയത് പ്രകാരമുള്ള കുറഞ്ഞ നിരക്കിലാണ് കെട്ടിട വാടക നിലവിലും ഈടാക്കി വരുന്നത്. ഇതുമൂലം നാളിതുവരെയുണ്ടായ വാടക കുടിശ്ശികയും ഈടാക്കിയിട്ടില്ല.

പ്രസ്തുത വിഷയങ്ങളിൽ നഗരസഭ നാളിതുവരെ നടപടി സ്വീകരിക്കാത്തതിന് വിശദീകരണ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 30/2019-20/ 30.10.2021, 37/2019-20/ 30.10.2021) മറുപടിയി കുടിശ്ശിക അടവാക്കാത്തവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാടക ഇളവ് അനുവദിച്ചതിന്റെ കാര്യത്തിൽ കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്കായി വച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 ലേലം ഉറപ്പിച്ച മുറികൾ ഏറ്റെടുക്കാത്ത കരാറുകാരുടെ ഇ.എം.ഡി. മുതൽക്കുട്ടിയിട്ടില്ല.

നഗരസഭയുടെ വാടകയ്ക്ക് കൊടുക്കുന്ന മുറികളുടെ ലേലം ഉറപ്പിച്ചു കൊടുത്ത പലമുറികളുടെയും കരാറുകാർ ഉടമ്പടിവച്ച് മുറികൾ ഏറ്റെടുത്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | മുറി നമ്പർ | ലേല തീയതി | കരാറുകാരൻ | ഇ.എം.ഡി. തുക | റസീറ്റ് നമ്പറും തീയതിയും |
|---|---|---|---|---|---|
| 1 | 143 | 07.03.2019 | അബ്ദുൾ മുത്തലിവ് | 25000 | 1180860026/07.3.2019 |
| 2 | 181(9) | 28.03.2019 | റിയാസ് കെ | 15000 | 118140121477/28.3.2019 |
| 3 | 181(17) | 28.03.2019 | റിയാസ് മുഹമ്മദ് | 15000 | 118140121473/28.3.2019 |
| 4 | 181(21) | 28.03.2019 | സംഷാദ് പുതിയവീട്ടിൽ | 15000 | 118140121472/28.3.2019 |
| 5 | 181(22) | 28.03.2019 | നിസ്സാർ കെ. | 15000 | 118140121469/28.3.2019 |
| 6 | 181(26) | 28.03.2019 | ജംഷീർ സി. | 15000 | 118140121467/28.3.2019 |
| 7 | 180 | 25.04.2019 | രവി കെ.കെ. | 25000 | 19140100861/25.04.2019 |
| ആകെ തുക | | | | ₹1,25,000/- | |

ലേല വ്യവസ്ഥകൾ പ്രകാരം മുറികൾ ഏറ്റെടുക്കാത്ത കരാറുകാരുടെ ഇ.എം.ഡി. തുക നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടി മുറികൾ പുനർ ലേലം ചെയ്ത് മറ്റ് ആളുകളെ ഏൽപ്പിക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം. 31/2019-20/ 29.10.2021 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി ഇ.എം.ഡി. തുക നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇ.എം.ഡി. തുക നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടി മുറികൾ പുനർ ലേലം ചെയ്ത് അറിയിക്കേണ്ടതാണ്.

## 1-17 ബിൽഡിംഗ് റെഗുലറൈസേഷൻ - ആവശ്യമുള്ള പാർക്കിംഗ് നൽകിയിട്ടില്ല.

കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ,1999 അനുസരിച്ച് ഓരോ കെട്ടിട വിഭാഗത്തിനും പ്ലോട്ടിൽ തന്നെ വേണ്ട മോട്ടോർ കാറുകളുടെ കുറഞ്ഞ പാർക്കിംഗ് വിവരങ്ങൾ (ചട്ടം 34), ഓരോ കെട്ടിടത്തിനു ചുറ്റും ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലങ്ങളുടെ വിശദാംശങ്ങൾ (ചട്ടം 52 മുതൽ 58 വരെ) എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. ഒരു തെരുവിലേക്കുള്ള വാഹനങ്ങളുടെ പ്രവേശനം, ഡ്രൈവ് - ഇൻ , വാഹനങ്ങൾ തിരിക്കുന്നതിനുള്ള സ്ഥലം എന്നിവയോട് കൂടി വേണം പാർക്കിംഗ് വ്യവസ്ഥ ചെയ്യാൻ. ചട്ടപ്രകാരം വ്യവസ്ഥ ചെയ്യേണ്ട തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വളഞ്ഞു തിരിയുന്നതിനുള്ള സ്ഥലവും ഉള്ള പക്ഷം ആ തുറസ്സായ സ്ഥലത്തിന്റെ 50% ത്തിൽ കവിയാത്ത സ്ഥലം പാർക്കിംഗിനായി പരിഗണിക്കാം . ചട്ടം 34(8) പ്രകാരം ഏതെങ്കിലും കെട്ടിടങ്ങൾക്ക് ചുറ്റും നിർബന്ധമായും വേണ്ട തുറന്ന പ്രദേശങ്ങൾ വിൽക്കാനോ, പാർക്കിംഗിനായി അനുവദിക്കാനോ പാടില്ല. എന്നാൽ മേൽ ചട്ടങ്ങൾ പാലിക്കാതെ മതിയായ പാർക്കിംഗ് ഇല്ലാതെ പെർമ്മിറ്റ്/ഒക്യുപെൻസി നൽകിയിട്ടുണ്ട്. ശ്രീ. ലൂക്കാസ് ജേക്കബ്, ചെയർമാൻ, ഹിൽഡ ട്രസ്റ്റ് സമർപ്പിച്ച അപേക്ഷ പ്രകാരം (നം. TP1/12647/18/11.06.19) കൊമേഴ്സ്യൽ വിഭാഗത്തിൽ റെഗുലറൈസേഷനും (പെർമിറ്റ് നം.B1-BA3003421/13.06.19) ഒക്യുപ്പൻസിയും ( നം.B1/12647/04.11.19) അനുവദിച്ചിട്ടുണ്ട് . വിശദാംശം താഴെ കൊടുക്കുന്നു.

വാർഡ് നം.16,

സർവ്വേ നം. 248/32,

സ്ഥല വിസ്തീർണ്ണം - 0.0340 H (കൈവശാവകാശ സർട്ടിഫിക്കറ്റ് നം. 39957100/25.05.19).

പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് കാണിച്ചിട്ടുള്ളത് സൈഡിലുള്ള 3 മീററർ വീതിയുള്ള സ്ഥലത്താണ്. അവിടെ ഡ്രൈവ് വേ ഇല്ലാത്തതിനാൽ പാർക്കിംഗ് സാധ്യമല്ല.NH766-നിന്നമാണ് സൈറ്റിലേക്കുള്ള പ്രവേശന മാർഗ്ഗം. 35.75 മീറ്റർ നീളത്തിലുള്ളതും 3.20 മീറ്റർ മുതൽ 3.50 മീറ്റർ വരെ വിതിയുള്ളതുമായ ഫ്രണ്ട് യാർഡിലാണ് കാർ പാർക്കിംഗ് നൽകിയിട്ടുള്ളത് . പ്രവേശന മാർഗ്ഗത്തിന്റെ വലത് ഭാഗത്ത് ഒന്നം, ഇടതു ഭാഗത്ത് രണ്ട് പാർക്കിംഗുമാണ് ഉള്ളത്. ഇടത് ഭാഗത്ത് നിന്നം റോഡിലേക്ക് നേരിട്ട് പ്രവേശനം സാധ്യമല്ല. ഈ ഭാഗത്തെ ആകെ വീതി 3 മീറ്റർ ആയതിനാൽ 3മീറ്റർ ഡ്രൈവ് വേ മാത്രമേ ഉള്ളു. വിസ്തീർണ്ണം 401.99ച.മീറ്ററുള്ള വാണിജ്യ ഉപയോഗ ക്രമത്തിൽ വരുന്ന കെട്ടിടത്തിന് 6പാർക്കിംഗ് ആവശ്യമാണ് (401.99/75 = 5.35=6). 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 34 പ്രകാരം മോട്ടോർ കാറുകളുടെ പാർക്കിംഗിനു വേണ്ടി ഒരുക്കിയിരിക്കുന്ന തെരുവ് വിട്ടുള്ള ഒരോ പാർക്കിംഗ് സ്ഥലത്തിന്റെയും വിസ്തീർണ്ണം 15 ച.മീ. കുറയാത്തതായിരിക്കണം(5.5മീ.X2.7മീ.) ഇരു ചക്രവാഹനങ്ങളുടെയും (സൈക്കിൾ അല്ലാത്തവ) സൈക്കിളുകളുടെയും പാർക്കിംഗിനു വേണ്ടി തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിനും ആവശ്യമായ വിസ്തീർണ്ണം യഥാക്രമം 3 ച.മീറ്ററും 1.5 ച.മീറ്ററും ആണ്. കൂടാതെ മോട്ടോർ കാറുകളുടെ പാർക്കിനിംഗിനാവശ്യമായ സ്ഥലത്തിന്റെ 25 % -മെങ്കിലും ഇരു ചക്രവാഹനങ്ങളുടെ പാർക്കിംഗിനായി നൽകേണ്ടതാണ്( ചട്ടം 34(4)).

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.20/19-20/26.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ പാർക്കിംഗ് മുഴുവൻ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-18 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന് ചട്ടപ്രകാരമുള്ള സമയ പരിധി പാലിക്കുന്നില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൻമേൽ 30 ദിവസത്തിനകം സെക്രട്ടറി അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിന്റെ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ പെർമിറ്റ് അനുവദിക്കുന്നതിന് ഈ സമയ പരിധി പാലിക്കുന്നില്ല എന്ന് നഗരസഭയുടെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. അപേക്ഷ ലഭിച്ചതിന്റെയും പെർമിറ്റ് അനുവദിച്ചതിന്റെയും ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷ നം/തിയ്യതി | പേര് | പെർമിറ്റ് നം | പെർമിറ്റ് അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | TP1/24501/19/27.11.19 | ജോർജ്ജ് & ഫിലോമിനാസ് | BA-354/19-20 | 22.01.20 |
| 2 | TP1/24604/19/28.11.19 | ബേബി.എം.എ | BA-103/19-20 | 15.03.20 |
| 3 | TP1/24919/19/30.11.19 | ഷൈനി | BA-100/19-20 | 27.02.20 |
| 4 | TP1/25495/19/09.12.19 | ഷിബു തോമസ് | BA-360/19-20 | 06.07.20 |
| 5 | TP1/25472/19/07.12.19 | ഷീല തോമസ് | BA-342/19-20 | 18.09.20 |
| 6 | TP1/27004/19/20.12.19 | പ്രഭാകരൻ | BA-193/19-20 | 20.04.21 |
| 7 | TP1/27670/19/27.12.19 | ഷൈനി | BA-101/19-20 | 02.03.20 |
| 8 | TP1/1069/20/ 16.01.20 | വർഗ്ഗീസ്.പി.വി | BA-59/20-21 | 08.07.20 |
| 9 | TP1/1548/20/21.01.20 | നയന പി കുമാർ | BA-3/20-21 | 01.06.20 |
| 10 | TP1/1887/20/ 24.01.20 | ഷബരീഷ്.എം.എസ് | BA-203/20-21 | 21.10.20 |

പെർമിറ്റ് അപേക്ഷകൾ ലഭിച്ചതിന്റെയും അനുവദിച്ചതിന്റെയും നിരസിച്ചതിന്റെയും വിവരം രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. മേൽ വിവരിച്ചതിൽ നിന്നും കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുവദിക്കുന്നതിൽ നിയമാനുസൃത സമയ ക്ളിപ്തത പാലിക്കുന്നില്ലായെന്ന് കാണാവുന്നതാണ്.കൂടാതെ അപേക്ഷകൾ ലഭിക്കുന്ന ക്രമത്തിനനുസരിച്ച് തീർപ്പാക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യം തുടർ നടപടികൾക്കായി നഗരസഭ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 -ൽ നിഷ്കർഷിച്ചിട്ടുള്ള

സമയ ക്ലിപ്തത പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സർക്കുലർ നം 12900/ആർ.എ1/15/തസ്വഭവ തിയ്യതി 02/12/15 പ്രകാരം കെട്ടിടനിർമ്മാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള അപേക്ഷകളിൻ മേൽ എഞ്ചിനീയറിംഗ് വിഭാഗം വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നം, വിസ്തീർണ്ണം, വില്ലേജ്, കൈവശകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ കെട്ടിട നിർമ്മാണ - പൂർത്തീകരണ ഫയലുകളിൽ ഈ വിവരം പൂർണ്ണമായും ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.22/19-20/26.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

.

## 1-19 വസ്തു നികുതി രേഖകളുടെ സൂക്ഷിപ്പ് തൃപത്കരമല്ല.

താഴെ പറയുന്ന രജിസ്റ്ററുകൾ/രേഖകൾ ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1) 2019-20 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്റർ, ബന്ധപ്പെട്ട ഫയലുകൾ ലഭ്യമാക്കിയിട്ടില്ല. അതിനാൽ പ്യൂരിഫിക്കേഷൻ നിലവിലെ സ്റ്റേജ് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2) ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ ഫയലുകളും രജിസ്റ്ററുകളും ലഭ്യമാക്കിയിട്ടില്ല.

3) സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ രജിസറ്ററുകളും ഫയലുകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4) നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ രജിസ്റ്ററും വസ്തു നികുതി അടവാക്കുന്നതിന്റെ രേഖകളും ഫയലുകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5) മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്താൻ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ റിപ്പോർട്ട്സ് (സർക്കുലർ നം. 40395/ RC2/2014/LSGD/19.10.2014).ലഭ്യമല്ല

6) റിലയൻസ് ജിയോ ഇൻഫോകോമിന്റെ മൊബൈൽ ടവറിന് B1-Ba 213635/19/17.07.19 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 29/07/2020 ന ആണ് അനുമതി അവസാനിക്കുന്നത്. അത് കഴിഞ്ഞ് അനുമതി പുതുക്കി നൽകുകയോ വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

7) കെട്ടിട നികുതി അസ്സസ്സ്മെന്റ് നടത്തുന്നത് റവന്യൂ ഇൻസ്പെക്ടർ ആണ്. എന്നാൽ,ഓഫീസ് ഉത്തരവ് പ്രകാരം നികുതി പിരിവിന്റെ മേൽനോട്ടം ആണ് നൽകിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.21,22/19-20/26.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-20 വസ്തു നികുതി - കുടിശ്ശിക മുഴുവൻ പിരിച്ചെടുത്തിട്ടില്ല.

നഗരസഭയുടെ 2019-20-ലെ വർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള വസ്തു നികുതി ഇനത്തിലെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു. വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ഹെഡ് ഓഫ് അക്കൗണ്ട് | വസ്തു നികുതി കുടിശ്ശിക (വാർഷിക കണക്ക് പ്രകാരം) | വസ്തു നികുതി കുടിശ്ശിക (ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം) | വസ്തു നികുതി കുടിശ്ശിക (ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|---|

| | | | |
|---|---|---|---|
| റസിഡൻഷ്യൽ (കറന്റ്) | 91,50,001.00 | 91,04,952.00 | 45,049.00 |
| റസിഡൻഷ്യൽ (അരിയർ) | 15,32,086.85 | 1,41,67,830.00 | 1,26,35,743.15 |
| ആകെ | 1,06,82,087.85 | 2,32,72,782.00 | 1,26,80,792.15 |

മേൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്കും അരിയർ ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കുമായുള്ള വ്യത്യാസവും വിശദീകരിക്കാൻ ലഭ്യമാക്കേണ്ടതാണ്. ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.24/19-20/26.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-21 വസ്തുനികുതി നിർണ്ണയിക്കുന്നതിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കുന്നില്ല – നഗരസഭ വരുമാനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നു.

1994-ലെ കേരള മുൻസിപ്പാലിറ്റി നിയമം, വകുപ്പ് 233(9) പ്രകാരം ഒരു കെട്ടിടത്തിനെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഒരു യൂണിറ്റായി കണ്ടാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടത്. 2011 ലെ കേരള മുൻസിപ്പാലിറ്റി രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ (പ്രകാരം 3(5), ചട്ടം 4 (1) എന്നിവ കാണുക), ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വിവിധ ഉപയോഗ ക്രമങ്ങൾക്ക് (ഉദാ- വാണിജ്യം, താമസം മുതലായവ) ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമേ, അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകാൻ പാടുള്ളൂ. 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ പട്ടിക 6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുടെ (250 ച.മീ ന മുകളിൽ) അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ, 250 ച.മീ ന മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളും 100 ച.മീ- ൽ താഴെയാക്കി നികുതി നിർണ്ണയക്കുന്നതിനാൽ (റൂമുകൾക്ക് പ്രത്യേക നമ്പർ നൽകുന്നതിനാൽ) നഗരസഭക്ക് വസ്തു നികുതി നഷ്ടം സംഭവിക്കുന്നുണ്ട്. നഗരസഭയിലെ 2019-20 സാമ്പത്തിക വർഷം നികുതി കണക്കാക്കിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയത്തിൽ മേൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. കെട്ടിങ്ങളുടെ ഫോം 6-ൽ തറ നിർമ്മിതി പൂർണ്ണമായും മേൽത്തരം വസ്തുക്കള് ഉപയോഗിച്ചാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (സ്ക്വ.മീ) | ഫോം 6 പ്രകാരം ഈടാക്കിയ ആകെ അടിസ്ഥാന വസ്തു നികുതി | അടിസ്ഥാന വസ്തു നികുതിയുടെ(മേൽത്തരം തറയുടെ) 15% | ഒരു വർഷം സംഭവിക്കുന്ന നഷ്ടം |
|---|---|---|---|---|---|---|
| 1 | ചാമയിൽ കാദർ<br>ചാമവാളിയ പറമ്പത്ത് ഹൗസ്,<br>ചെറുവത്ത് പി.ഒ.<br>വാർഡ് 24 | 852A1 – 852A10,<br>852B1-852B10. | 1251.14<br>കൊമേഴ്ഷ്യൽ | 1251.14 X 80= 100091 | 15013.68 | 15014 |
| 2 | അബൂബക്കർ കടോലി,<br>നാദാപുരം.<br>വാർഡ് 24. | 2441/B - 2441/B5,2441/C,2441/C1,2441/C2,2441/D,2441/D1,2441/D2,2441/D3,2441/D4,2441/D5,2441/E. | 511.76<br>കൊമേഴ്ഷ്യൽ | 511.76 X 80=<br>40941 | 6141 | 6141 |
| 3 | കുഞ്ഞാമുട്ടി, കളത്തിങ്കൽ വീട്,കൊണ്ടോട്ടി.<br>വാർഡ് 14 | 280A1 - 280A32 | 1291.38<br>ലോഡ്ജിംഗ് & കൊമേഴ്ഷ്യൽ | 1221.11 X 50 = 61055.5<br>70.28 X 60 = 4216.8<br>ആകെ 65272 | 9791 | 9791 |
| 4 | ഷൈനി ജേക്കബ്, താഴത്തെക്കുടി,<br>ബത്തേരി.<br>വാർഡ് 17 | 510A,510A1,510B | 261.90<br>റസിഡന്സ് & കൊമേഴ്ഷ്യൽ | 70.27 X 80 = 5621.6<br>191.63 X 10 = 1916.3<br>ആകെ 7538 | 1131 | 1131 |
| 5 | ഗൗരി ടി, ബൈജു നിവാസ്.<br>വാർഡ് 18 | 330/A,330/A1,330/A2,330/B,330/B1,330/B2,330/C,330/C1,330/C2. | 617.51.<br>റസിഡൻഷ്യൽ ക്വാർട്ടേഴ്സ്. | 617.51 X 10= 6171<br>എന്നാൽ, നഗരസഭ തീരുമാന* പ്രകാരം ഈടാക്കേണ്ടിയിരുന്നത്<br>617.51 X 30= 18525 | 2779 | 2779 |
| 6 | വർക്കി.പി.ടി,<br>പുത്തൻപുരയിൽ, | 42B - 42B4 | 332.54<br>ഫ്ലാറ്റുകൾ | 332.54 X 10= 3325<br>എന്നാൽ, നഗരസഭ തീരുമാന* പ്രകാരം | 1496 | 1496 |

| | | | | | | |
|---|---|---|---|---|---|---|
| | മൂലങ്കാവ്.<br>വാർഡ് 17 | | | ഈടാക്കേണ്ടിയിരുന്നത്<br>332.54 X 30= 9976 | | |

*സു.ബത്തേരി നഗരസഭ കൗൺസിലിന്റെ തീരുമാന പ്രകാരം (നം. 7(1)/14.02.17) വസ്തു നികുതി പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം പാർപ്പിട ആവശ്യത്തിനുള്ളവക്ക് സ്ക്വ.മീ ന 10 രൂപയും ക്വാട്ടേഴ്സിന സ്ക്വ.മീ ന 30 രൂപയും ആണ്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.29/19-20/29.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. 250 സ്ക്വ.മീ ന മുകളിൽ വിസ്തീരണ്ണം വരുന്ന എല്ലാ കെട്ടിടങ്ങളിലും മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്തി നികുതി പുനർ നിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

## 1-22 വസ്തുനികുതി നിർണ്ണയിക്കുന്നതില് - ക്വാർട്ടേഴ്സുകൾ/ഫ്ലാറ്റുകൾ കുറഞ്ഞ റേറ്റിൽ നികുതി പിരിക്കുന്നു – നഗരസഭ വരുമാനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നു.

സു.ബത്തേരി നഗരസഭ കൗൺസിലിന്റെ തീരുമാന പ്രകാരം (നം. 7(1)/14.02.17) വസ്തു നികുതി പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം പാർപ്പിട ആവശ്യത്തിനുള്ളവക്ക് സ്ക്വ.മീ ന 10 രൂപയും ക്വാട്ടേഴ്സിന സ്ക്വ.മീ ന 30 രൂപയും ആണ്. എന്നാൽ, 2019-20 വർഷം നമ്പറിട്ട ക്വാർട്ടേഴ്സ്/ഫ്ലാറ്റ് കെട്ടിടങ്ങളിൽ സ്ക്വ.മീ ന 30 രൂപ ഈടാക്കേണ്ടതിന് പകരം 10 രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (സ്ക്വ.മീ) | ഫോം 6 പ്രകാരം ഈടാക്കിയ ആകെ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | ഒരു വർഷം സംഭവിക്കുന്ന നഷ്ടം |
|---|---|---|---|---|---|---|
| 1 | വർക്കി.പി.ടി,<br>പുത്തൻപുരയിൽ,<br>മൂലങ്കാവ്.<br>വാർഡ് 17 | 42B - 42B4 | 332.54<br>ഫ്ലാറ്റുകൾ | 332.54 X 10= 3325 | 332.54 X 30 = 9976 | 6651 |
| 2 | ഗൗരി ടി, ബൈജു നിവാസ്.<br>വാർഡ് 18 | 330/A,330/A1,330/A2,330/B,330/B1,330/B2,330/C,330/C1,330/C2. | 617.51.<br>റസിഡൻഷ്യൽ ക്വാർട്ടേഴ്സ്. | 617.51X10= 6175 | 617.51 X 30= 18525 | 12350 |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.29/19-20/29.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-23 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-പൂർത്തീകരിച്ച പദ്ധതിയുടെ ബാക്കി തുക ഈടാക്കിയില്ല.

പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കുവേണ്ടി വാട്ടർ അതോറിറ്റിയിൽ തുക അടക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

പ്രോജക്ട് നമ്പർ-278/20

അടങ്കൽ-100000/-

ഫണ്ട്-തനതുഫണ്ട്

പ്രോജക്ട്-ഒമ്പതാം ഡിവിഷനിൽ പൈപ്പ് ലൈൻ നീട്ടൽ

നിർവഹണം-സെക്രട്ടറി

പദ്ധതി പൂർത്തീകരിച്ച വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയതിലും ഓഡിറ്റ് എൻക്വയറി.നം. 12 തീയതി 22.10.21 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയതിലും പദ്ധതി പൂർത്തീകരിച്ചതായും 7180 രൂപ ബാലൻസ് നഗരസഭയിലേക്ക് അടക്കാനുണ്ടെന്നും അറിയിച്ചു,ബാക്കി തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-24 PMAY ഭവനനിർമ്മാണപദ്ധതി- ഫയലുകൾ സൂക്ഷിക്കുന്നതിൽ അപാകങ്ങൾ.

നഗരസഭ 2017-18 സാമ്പത്തികവർഷം ആരംഭിച്ച് നിലവിലും തുടരുന്ന PMAY ഭവനനിർമ്മാണപദ്ധതിയിൽ ആറ് ഡി.പി.ആറുകളിലായി 958 വീടുകളുടെ നിർമ്മാണത്തിന് എഗ്രിമെന്റ് വെച്ചതിൽ 828 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.130 വീടുകളുടെ നിർമ്മാണം ഇനിയും പൂർത്തീകരിക്കാനുണ്ട്.

ഇതിൽ ഒന്നാംഗഡു കൈപ്പറ്റിയതിന് ശേഷം ഭവനനിർമ്മാണം ഉപേക്ഷിച്ച ഗുണഭോക്താക്കളും ഉൾപ്പെടുന്നു.

കേന്ദ്രവിഹിതം,നഗരസഭാവിഹിതം,സംസ്ഥാനസർക്കാർ വിഹിതം എന്നിവ ഉൾപ്പെടുത്തിയാണ് ഗുണഭോക്താക്കൾക്ക് 400000 രൂപ വീതം തുകനൽകുന്നത്.

ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകളും രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1.നഗരസഭാവിഹിതമായി തുകകൾ നൽകുന്നത് ഹഡ്കോലോൺ ലഭിച്ച തുക ഉപയോഗിച്ചാണ്.എന്നാൽതുകയുടെ വിനിയോഗം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ എഴുതിസൂക്ഷിക്കുന്നില്ല.എഴുതിസൂക്ഷിച്ച രജിസ്റ്ററിലെ വിവരങ്ങളും വാർഷികകണക്കുകളിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

2.സംസ്ഥാനസർക്കാർ വിഹിതം ,കേന്ദ്രവിഹിതം എന്നിവ ഓരോ സാമ്പത്തികവർഷവും എത്ര കിട്ടുന്നുവെന്നോ ,ചെലവഴിക്കുന്നുവെന്നോ ഉള്ള വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3.PMAY ഫണ്ട് ക്രയവിക്രയം നടത്തുന്ന കേരളഗ്രാമീണബാങ്കിലെ 40236101028483 നമ്പർ അക്കൌണ്ടിന്റെ പാസ്സ് ബുക്കും ഭാഗികമായി എഴുതിസൂക്ഷിച്ചിട്ടുള്ള ചെക്ക് ഇഷ്യൂരജിസ്റ്ററും പ്രതിമാസ/വാർഷിക റീകൺസിലിയേഷൻ നടത്തിയതായി കാണുന്നില്ല.അതുകൊണ്ട് തന്നെ ഡ്യൂപ്ലിക്കേറ്റ് പാസ്സ്ബുക്ക് എന്ന രീതിയിൽ ഇടക്കിടെ തുക ഡെബിറ്റ് ചെയ്യുന്നത് പരിശോധിക്കപ്പെടുന്നില്ല.

4.ഓരോ ഗുണഭോക്താക്കളുടെയും ഫയലുകളിൽ ഭവനനിർമ്മാണം സംബന്ധിച്ച എല്ലാ രേഖകളും വെച്ചിട്ടില്ല.

എല്ലാ ഗുണഭോക്താക്കളുടെയും ഫയലുകൾ ഡി.പി.ആർ ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല.

5.ഭവനനിർമ്മാണം എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്കെതിരെ നടപടികൾ സ്വീകരിക്കുകയോ,പൂർത്തിയാക്കാനാവശ്യമായ ഇടപെടലുകൾ നടത്തുകയോ ചെയ്തതായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം. 14 തീയതി 23.10.21 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.PMAY പദ്ധതിയിൽ നഗരസഭക്ക് ലഭിച്ചതും ചെലവഴിച്ചതുമായ തുകകൾ സംബന്ധിച്ച് കൃത്യമായ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-25 സൗഭാഗ്യ ലോൺ തിരിച്ചടവ്-അടച്ച തുക ലോൺ അക്കൌണ്ടിൽ വരവ് വെക്കാത്തത്.

നഗരസഭ തൻവർഷം സൌഭാഗ്യ ലോൺ തിരിച്ചടക്കുന്നതിനായി 57 ലക്ഷം രൂപ ചെലവഴിച്ചിരുന്നു.ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 47 ലക്ഷം രൂപ മാത്രമാണ് വരവുവെച്ചിരുന്നത്. വികസനഫണ്ടിൽ നിന്നും 30.12.19 ന് നൽകിയ 10 ലക്ഷം രൂപ ,ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിന് ശേഷം ബാങ്ക് അക്കൌണ്ടിൽ വരവു വെച്ചതായി സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ടെങ്കിലും അടക്കാനുള്ള നീക്കിബാക്കിയിലോ പലിശയിലോ മാറ്റം വരുത്തിയിട്ടില്ല.ഇത്രയും കാലം നൽകിയ തുക ലോൺ അക്കൌണ്ടിൽ വരവ് വെക്കാത്തത് ശരിയായ നടപടിയല്ല.ലോൺ രജിസ്റ്റർ എഴുതി പൂർത്തിയാക്കാത്തത് കഴിഞ്ഞ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിരുന്നെവെങ്കിലും നിലവിലും പൂർത്തീകരിച്ചിട്ടില്ല.ഓഡിറ്റ് എൻക്വയറി.നം. 15 തീയതി 25.10.21പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് സെക്രട്ടറി നൽകിയ മറുപടിയിൽ ട്രഷറിമുഖാന്തിരം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക ബാങ്ക് അക്കൌണ്ടിൽ വരവ് വന്നിരുന്നില്ലയെന്നും കോവിഡ് മഹാമാരിയുടെ തിരക്കിൽ ബാങ്ക് അക്കൌണ്ട് റീകൺസിലിയേഷൻ നടത്താൻ കഴിയാത്തതിനാൽ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നുമറിയിച്ചു.

നിലവിൽ ബാങ്കിന് വിവരം സൂചിപ്പിച്ച് കത്തുനൽകുകയും മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് മറുപടിയിൽ തുക 30.12.19 ന് ലോൺ അക്കൌണ്ടിൽ വരവ് വെച്ചതായി അറിയിച്ചിട്ടുണ്ട്.

തുക നൽകിയ ദിവസം മുതൽ കണക്കാക്കിയ പലിശ പുനക്രമീകരിച്ച് അടച്ച തുകക്ക് പലിശ കണക്കാക്കുന്നില്ലയെന്നുറപ്പുവരുത്തേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-26 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് അടക്കുന്നത്-രേഖകൾലഭ്യമല്ല.

നഗരസഭ തനതുഫണ്ടിൽ നിന്നും തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ പ്രതിമാസം 93000/- രൂപ വീതം അടച്ചിട്ടുണ്ട്. No.BB/S.L/2020-21/116/12.10.20കത്ത് പ്രകാരം 654 വിളക്കുകളുടെ തുകയാണ് അടക്കുന്നത്.

നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. തെരുവ്

വിളക്കുകളുടെ എണ്ണം, തെരുവ് വിളക്കുകൾ സ്ഥാപിച്ച സ്ഥലങ്ങളുടെ സൈറ്റ് പ്ലാൻ, കെ.എസ്.ഇ.ബി പോസ്റ്റുകളുടെ നമ്പർ സഹിതമുള്ള രേഖകൾ എന്നിവ തയ്യാറാക്കിയിട്ടില്ല.തെരുവുവിളക്ക് രജിസ്ററർ തയ്യാറാക്കിയിട്ടില്ല.

നിലവിലെ അനൌദ്യോഗികകണക്ക് പ്രകാരം നഗരസഭാപരിധിയിൽ 2400 -ഓളം തെരുവുവിളക്കുകൾ ഉള്ളതായി കാണുന്നു.

നഗരസഭാപരിധിയിലെ തെരുവുവിളക്കുകൾ സംബന്ധിച്ച് കൃത്യമായ രേഖകൾ തയ്യാറാക്കി അടക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി.നം. 8 തീയതി 22.10.21 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ സംയുക്തപരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അടക്കുന്ന തുക ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-27 തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നത്-രേഖകൾലഭ്യമല്ലാത്തത്.

നഗരസഭ തനതുഫണ്ടിൽ നിന്നും തെരുവുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 2,04,984/- രൂപ വീതം അടച്ചിട്ടുണ്ട്. 07/2016 ൽ സംയുക്തപരിശോധന നടത്തിയതിൽ പ്രവർത്തനക്ഷമമായി കണ്ടെത്തിയ 312 ടാപ്പുകൾക്കാണ് 09/2016 മുതൽ വെള്ളക്കരം അടക്കുന്നത്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾപ്രകാരം വാട്ടർ അതോറിറ്റിയുടെ ഓരോ മാസത്തെ ബില്ലിലും വലിയ തുകകൾ കുടിശ്ശികയും പിഴയും ആയി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ കുടിശ്ശികയും പിഴയും ഏത് കാലയളവിലെയാണെന്നുള്ളതിന് യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 03/2020 ലെ ബില്ലിൽ കുടിശ്ശിക 10128685/- രൂപയും പിഴ 163404/- രൂപയും കാണുന്നു.

2019-20വർഷത്തെ വികസനഫണ്ടിൽ നിന്നും 708514/- രൂപ വെള്ളക്കരം കുടിശ്ശികയായി കുറവ് വരുത്തിയിട്ടുണ്ട്. ഈ തുകയും ഏത് കാലയളവിലെ കുടിശ്ശികയാണെന്ന് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

തെരുവുടാപ്പുകളുടെ എണ്ണം ,സ്ഥിതി ചെയ്യുന്ന സ്ഥലം എന്നിവ ഉൾപ്പെടുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

കുടിശ്ശിക സംബന്ധിച്ചും ടാപ്പുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ചും വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി.നം. 7 തീയതി 22.10.21പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ സംയുക്തപരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും തുക അടച്ച വിവരങ്ങൾ ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-28 വികസന ഫണ്ടിൽ നിന്നും തുടർ വിദ്യാ കേന്ദ്രങ്ങൾക്ക് ഓഫീസ് സ്റ്റേഷനറി വാങ്ങുന്ന തുക ചെലവഴിച്ചു

പ്രോജക്ട് നം 335/2020

നിർവ്വഹണം .പ്രിൻസിപ്പാൾ - GVHSS- സുൽത്താൻ ബത്തേരി

ചെലവ് 25000(വികസന ഫണ്ട് )

ബിൽനം 8/19-20/12.5.20( ചെലവ് 2020-21 ൽ)

തുടർ സാക്ഷരതാ പ്രവർത്തനങ്ങളിൽ കോഴ്സ് ഫീ, പുസ്തകം എന്നിവക്ക് മാത്രമേ

വികസന ഫണ്ട് ചെലവഴിക്കാവൂ. പ്രൊജക്ട് പ്രകാരമുള്ള ചെലവ് 2020-21ലാണെങ്കിലും

19-20വർഷത്തെ ബിൽ ബുക്കിൽ ചേർത്തു കാണുന്നു.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 ഇ ടെണ്ടർ വിളിക്കാതെ സാധനങ്ങൾ നേരിട്ട് വാങ്ങി

പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ വിവധ പദ്ധതികളിൽ ഇ-ടെണ്ടറോ/ടെണ്ടറോ വിളിക്കാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം, പേര്വാങ്ങിയ ഇനങ്ങൾബിൽനം, തുക | പ്രോജക്ട് നം, പേര്വാങ്ങിയ ഇനങ്ങൾബിൽനം, തുക | പ്രോജക്ട് നം, പേര്വാങ്ങിയ ഇനങ്ങൾബിൽനം, തുക |
|---|---|---|
| 1) Project No SO/213/20<br>വിവിധ സ്കൂളുകൾക്ക് ഫർണിച്ചർ | ബെഞ്ച് -50 No<br>ഡസ്ക്,- 50 No | 10/19-20/ 12.5.20- 440880 രൂപ<br>( ചെലവ് 2020-21 ൽ) |

| | | |
|---|---|---|
| അടങ്കൽ 6,00,000 (MG Non Road) | മേശ- 50 No,<br>കസേര- 100 No<br>അലമാര- 10 No | |
| 2) Project No SO/593/20<br>വിവിധ സ്കൂളുകളിലെ കഞ്ഞിപ്പുര സാധന സാമഗ്രികൾ വാങ്ങൽ<br>അടങ്കൽ 13,82,326<br>(MG Non Road- 557986<br>General- 824340) | സ്കൂൾ അടുക്കളക്കായുള്ള സാധന സാമഗ്രികൾ | 1)11/19-20/ 12.5.20- 112005 രൂപ<br>( ചെലവ് 2020-21 ൽ)<br>2)12/19-20/ 12.5.20- 445394രൂപ<br>( ചെലവ് 2020-21 ൽ)<br>ആകെ 557399 |

മേൽ വാങ്ങലുകൾക്ക് ഇ-ടെണ്ടർ വിളിക്കേണ്ടതാണ്. എന്നാൽ, മേൽ വാങ്ങലുകൾക്ക് ഇ-ടെണ്ടറോ ഓപ്പൺ ടെണ്ടറോ വിളിട്ടിട്ടില്ല. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സർക്കാർ ഏജൻസിയിൽ നിന്നും ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങുന്നതിന് അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ല.മാത്രമല്ല, ചെലവ് 20-21 ലാണെങ്കിലും 19-20ലെ ബിൽ ബുക്കിൽവന്നിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ആയുർവേദ മെഡിക്കൽ ഓഫീസർ -പദ്ധതി നടത്തിപ്പ് അപാകത.

1)ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ വാങ്ങിയ മരുന്നുകൾ ഒന്നിലധികം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നു. **2019-20** ൽ ഒൻപത് സ്റ്റോക്ക് രജിസ്റ്ററുകൾ ആണ് സൂക്ഷിച്ചത്. **2019-20** ൽ കുമാരി സുരക്ഷ , ജീവനം,
വയോ അമൃതം(ടി എസ് പി), മുനിസിപ്പാലിറ്റി ഫണ്ട്, ജനനീ സുരക്ഷ,
കുമാരി സുരക്ഷ(ടി എസ് പി), ജീവതാളം, വയോ അമൃതം(എസ് സി പി),
ആരോഗ്യമുള്ള ഊര് എന്നിങ്ങനെ ഒൻപത് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിരിക്കുന്നു .
എല്ലാ പദ്ധതികളിലൂടെ വാങ്ങുന്ന മരുന്ന് ഒരു സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ് .

2)2**019-20** ൽ കുമാരി സുരക്ഷ , ജീവനം,
വയോ അമൃതം(ടി എസ് പി), മുനിസിപ്പാലിറ്റി ഫണ്ട്, ജനനീ സുരക്ഷ,
കുമാരി സുരക്ഷ(ടി എസ് പി), ജീവതാളം, വയോ അമൃതം(എസ് സി പി),
ആരോഗ്യമുള്ള ഊര് എന്നിങ്ങനെയുള്ള പദ്ധതികൾക്കായി മരുന്ന് വാങ്ങുമ്പോൾ
ആയുർവേദ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയിലബിലിറ്റിസർട്ടിഫിക്കറ്റ്
ഹാജരാക്കിയിട്ടില്ല.

അപാകതകൾ ഭാവിയിൽ പരിഹരിക്കേണ്ടതാണ്

## 1-31 ആയുർവേദ മരുന്ന് വാങ്ങുമ്പോൾ ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയിലബിലിറ്റിസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2019-20 ൽ കുമാരി സുരക്ഷ, ജീവനം,
വയോ അമൃതം(ടി എസ് പി), മുനിസിപ്പാലിറ്റി ഫണ്ട്, ജനനീ സുരക്ഷ,
കുമാരി സുരക്ഷ(ടി എസ് പി), ജീവതാളം, വയോ അമൃതം(എസ് സി പി),
ആരോഗ്യമുള്ള ഊര് എന്നിങ്ങനെയുള്ള പദ്ധതികൾക്കായി മരുന്ന് വാങ്ങുമ്പോൾ
ആയുർവേദ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയിലബിലിറ്റിസർട്ടിഫിക്കറ്റ്
ഹാജരാക്കിയിട്ടില്ല.

## 1-32 എസ്.റ്റി. അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2019-20 -വർഷത്തിൽ ₹5,00,000/- (ട്രഷറി ബിൽ നം. 01/19-20/ 21.05.2019) ചെലവിൽ പ്രോജക്ട് നം. എസ് 0318/20, എസ്.റ്റി. അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട് (അടങ്കൽ ₹7,50,000/-, വികസന ഫണ്ട് (ടി.എസ്.പി.)). വനിതഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം 25 കുടുംബശ്രീ യൂണിറ്റുകൾക്ക് ₹20,000/- വീതം നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ. (കൈ)നം. 22/2018/തസ്വഭവ, തീയതി 14.02.2018) കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്., സി.ഡി.എസ്. സൊസൈറ്റികൾ എന്നിവയ്ക്ക് വ്യക്തമായ വായ്പാതിഷ്ഠിതമായ ഒരു തൊഴിൽ സംരംഭത്തിന്റെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. റിവോൾവിംഗ് ഫണ്ട് ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

റിവോൾവിംഗ് ഫണ്ട് കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകൾ ആരംഭിച്ച തൊഴിൽ സംരംഭങ്ങളുടെ വിവരങ്ങളും റിവോൾവിംഗ് ഫണ്ട് ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്യുന്നതും സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/2019-20/ 18.10.2021) മറുപടിയായി റിവോൾവിംഗ് ഫണ്ട് കൈപ്പറ്റിയ യൂണിറ്റുകളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററും ഗ്രൂപ്പുകളുടെ ബാങ്ക് പാസ് ബുക്കും ഹാജരാക്കി. രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചില യൂണിറ്റുകൾ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ലന്നും ചില ഗ്രൂപ്പുകൾ തിരിച്ചടവുകൾ നടത്തിയിട്ടില്ലന്നും കാണുന്നു. ഗ്രൂപ്പുകൾ വായ്പാതിഷ്ഠിതമായ തൊഴിൽ സംരംഭങ്ങളല്ല ആരംഭിച്ചിട്ടുള്ളതും. ഗ്രൂപ്പുകളുമായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ കരാറുടമ്പടി ചമച്ചിട്ടുമില്ല.

തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാത്ത ഗ്രൂപ്പുകളിൽ നിന്നും മുഴുവൻ തുകയും എത്രയും വേഗം തിരികെ ഈടാക്കി തൊഴിൽ സംരംഭം ആരംഭിക്കാൻ താൽപര്യമുള്ള മറ്റു ഗ്രൂപ്പുകൾക്ക് നൽകേണ്ടതാണ്. തുക കൈപ്പറ്റിയ ഗ്രൂപ്പുകൾ കൃത്യമായി തിരിച്ചടവ് വരുത്തുന്നുണ്ടോ എന്നും ഫണ്ട് ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്യുന്നുണ്ടോ എന്നും നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തേണ്ടതാണ്.തുടർ നടപടിവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 വയോമിത്രം പദ്ധതിക്ക് വേണ്ടി മരുന്ന് വാങ്ങൽ -14142/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

സുൽത്താൻ ബത്തേരി നഗരസഭയിൽ വയോമിത്രം പദ്ധതിയിൽ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)മരുന്ന് വാങ്ങി നൽകിയിട്ടുണ്ട്. വിശദീകരണം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) | അപാകതകൾ |
|---|---|---|---|---|---|
| 1. | 586/20 | വയോമിത്രം പദ്ധതിക്ക് വേണ്ടി മരുന്ന് വാങ്ങൽ | 200000/- (വികസനം ജനറൽ) | 200000/- (ബിൽ നം. 9/27.03.20) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രഫോർമ ഇൻവോയിസ് പ്രകാരം (നം. PRF5377/17.03.20) 200000/- രൂപ അക്കൗണ്ടിലേക്ക് (നം.67304792074) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കാരുണ്യ ഫാർമസിയുടെ താഴെ പറയുന്ന് ഇൻവോയിസുകൾ പ്രകാരം മരുന്നുകൾ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ലഭിക്കുകയും സ്റ്റോക്കിൽ എടുക്കുകയും ചെയ്തിട്ടുണ്ട്.<br>ഇൻവോയിസ് നം. 12242/6.8.20 - 125795/-<br>ഇൻവോയിസ് നം. 28251/6.2.21 – 60063/-<br>മേൽ പ്രകാരം ആകെ 185858/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. 14142/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. | |
| | 2. | 267/20 | വയോമിത്രം പദ്ധതിക്ക് വേണ്ടി മരുന്ന് വാങ്ങൽ | 100000/- (വികസനം ജനറൽ) | 61482/- (ബിൽ നം. 6/11.09.19) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (നം.67304792074) 61484/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കാരുണ്യ ഫാർമസിയുടെ താഴെ പറയുന്ന് ഇൻവോയിസുകൾ പ്രകാരം മരുന്നുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ഇൻവോയിസ് നം. 25714/16.10.19 - 61482/-<br>എന്നാൽ, മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. | |
| | 3. | 330/20 | വയോമിത്രം പദ്ധതിക്ക് വേണ്ടി മരുന്ന് വാങ്ങൽ | 100000/- (40000/- വികസനം ജനറല്, 60000/- തനത് ഫണ്ട്) | 40000/- (ബിൽ നം. 3/14.08.19) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (നം.67304792074) | |

| | | | | | |
|---|---|---|---|---|---|
| | | | | | 40000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കാരുണ്യ ഫാർമസിയുടെ താഴെ പറയുന്ന് ഇൻവോയിസുകൾ പ്രകാരം മരുന്നുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.<br>ഇൻവോയിസ് നം. 46360/18.03.19 - 79602/-<br>40000/- രൂപ പാസ്സാക്കിയിരിക്കുന്നത് 79602/- രൂപയുടെ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ആണ്. എങ്ങിനെയാണ് കൂടിയ ഇൻവോയിസ് തുക ഉണ്ടായതെന്ന് വിശദീകരിക്കേണ്ടതാണ്. |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.16,17,18 /19-20/26.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അതാത് പദ്ധതികൾക്ക് നേരെ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-34 വയോജന ക്ഷേമത്തിനായി വാട്ടർ ബെഡ്, വാക്കിംഗ് സ്റ്റിക്ക്, എയർ ബെഡ്, വീൽ ചെയർ തുടങ്ങിയവ വാങ്ങൽ -നിലവിലും സപ്ലൈ ചെയ്തിട്ടില്ല.175758/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

സുൽത്താൻ ബത്തേരി നഗരസഭയിൽ വയോജന ക്ഷേമത്തിനായി വാക്കിംഗ് സ്റ്റിക്ക്,എയർബെഡ്,വീൽചെയർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) തുക ചെലവഴിച്ചിട്ടുണ്ട് വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 585/20 | വയോജന ക്ഷേമത്തിനായി വാട്ടർ ബെഡ്, വാക്കിംഗ് സ്റ്റിക്ക്, എയർ ബെഡ്, വീൽ ചെയർ തുടങ്ങിയവ വാങ്ങൽ | 400000/- ( വികസനം ജനറൽ) | 175758/- (ബിൽ നം. 10/27.03.20) |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (നം.67304792074) 175758/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (പ്രഫോർമ ഇൻവോയിസ് നം.PRF5521/21.03.20). താഴെ പറയുന്ന ഉപകരണങ്ങൾ ആണ് ഓർഡർ നൽകിയിരിക്കുന്നത്.

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | ഓക്സിജൻ കോൺസൻട്രേറ്റർ | 3 |
| 2 | വീൽ ചെയർ | 2 |
| 3 | വാൽക്കർ | 3 |
| 4 | വാക്കിംഗ് സ്റ്റിക്ക് | 3 |

മേൽ സാധനങ്ങൾ ഒന്നരവർഷത്തിലധികമായിട്ടും ഇതു വരെ സപ്ലൈ ചെയ്തിട്ടില്ല.മേൽ തുക KMSCL-ൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 19/19-20/26.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ ഇതു വരെ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 175758/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-35 പൊതുമരാമത്ത്. മേഖലയിൽ പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കണ്ട പൊതു അപാകതകൾ.

തൻവർഷം പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തതിലും നടപ്പാക്കിയതിലും താഴെപ്പറയുന്ന അപാകതകൾ കണ്ടു.

വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്യാത്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളതിൽ അധികവും.

ഉദാഹരണമായി അസി.എഞ്ചിനീയർക്ക് പൊതുമരാമത്ത് മേഖലയിൽ 415 പദ്ധതികൾ നടപ്പാക്കാൻ ഉണ്ടായിരുന്നെങ്കിലും 7 പദ്ധതികൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തിട്ടുള്ളത്.2019-20 വർഷം വർക്കിംഗ് ഗ്രൂപ്പിൽ 23 പദ്ധതികൾ മാത്രമാണ് ചർച്ചചെയ്തത് എന്നാൽ 415 പദ്ധതികൾ പ്രസ്തുതമേഖലയിൽ രൂപീകരിക്കപ്പെട്ടു.

പദ്ധതിനിർദേശങ്ങൾ നൽകിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിനും വികസന സെമിനാറിനും ഇടക്ക് മറ്റ് വ്രക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ഇല്ലാത്തതിനാൽ തന്നെ പദ്ധതിരൂപീകരണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നല്ലൊരു പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല.പദ്ധതികൾ ആസൂത്രണം നടത്തുന്നതിൽ വീഴ്ചകൾവന്നിട്ടുണ്ട്.നടപ്പാക്കാൻ കഴിയാത്ത അത്രയും പദ്ധതികൾ ചെറിയ ,ചെറിയ തുകകൾ വകയിരുത്തി ആസൂത്രണംചെയ്യുകയും പലപദ്ധതികളും നടപ്പാക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നു.

റോഡുകളുടെ നിർമ്മാണം അല്ലെങ്കിൽ മെയിന്റനൻസ് ചെറിയ,ചെറിയ ഭാഗങ്ങളായി ചെയ്യുന്നതിനാൽ റോഡുകൾ ഗതാഗതയോഗ്യമാകുന്നതിന് പ്രശ്നങ്ങൾ നേരിടുന്നു.മരാമത്ത് പണികളുടെ സംക്ഷിപ്തവിവരം വാർഡ് സഭയിൽ വെക്കുന്നതായി കാണുന്നില്ല.പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞാണ് സ്ഥലത്ത് ബോർഡ് വെക്കുന്നത്.

നിലവിൽ വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടുകളുടെ പേര് തയ്യാറാക്കുകയും ആയതിന് നിശ്ചിത തുക വകയിരുത്തുകയും തുകയ്ക്ക് കണക്കായി രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ടിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും തുടർന്ന് ടെണ്ടർ നടപടികളിലേക്ക് കടക്കുകയും പദ്ധതി നിർവ്വഹണത്തിലേക്ക് കടക്കുകയും ചെയ്യുന്നു. പദ്ധതി തയ്യാറാക്കുന്ന സമയത്ത് സ്ഥലം പരിശോധിക്കുകയോ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുകയോ ചെയ്യുന്നില്ല. ഇത് കൊണ്ട് തന്നെ ഡി.പി.സി അംഗീകാരത്തിന് വേണ്ടി തയ്യാറാക്കി സമർപ്പിച്ച ബഹുഭൂരിപക്ഷം എസ്റ്റിമേറ്റുകളും റിവൈസ് ചെയ്യേണ്ടി വരികയും ചെയ്യുന്ന

1997-ലെ പഞ്ചായത്ത് രാജ് ആക്ട് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 17പ്രകാരം പ്രവൃത്തി സംബന്ധിച്ച് ബോർഡ് സ്ഥാപിക്കേണ്ടതായുണ്ട്. എന്നാൽ നിലവിൽ പ്രസ്തുത ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. നിലവിൽ പൊതുജനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ പകർപ്പ് നിയമ പ്രകാരം പെട്ടെന്ന് ലഭ്യമാവാനുള്ള സാഹചര്യം ഇല്ല.

റോഡ് കണക്ടിവിറ്റി മാപ്പ്,റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.ആസ്തിരജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ അപൂർണ്ണമായതിനാൽ എല്ലാ ആസ്തികളും സംബന്ധിച്ച വിവരങ്ങൾ നഗരസഭയിൽ ഇല്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നടത്തുന്ന നിർമ്മാണപ്രവൃത്തികൾ സംബന്ധിച്ച് ആ സ്ഥാപനത്തിന്റേതായ ഡിസൈൻ സ്റ്റാൻഡേർഡുകളും വിദഗ്ധരുടെ ദീർഘവീക്ഷണവും കണക്കിലെടുക്കുന്നില്ല.

പരിമിതമായ എഞ്ചിനീയറിംഗ് വിഭാഗം മാത്രമുള്ള തദ്ദേശസ്വയംഭരണസ്ഥാപനത്തിന് ഓരോ സ്ഥാപനങ്ങളിലെയും പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പദ്ധതികളുടെ എണ്ണം കൂടുന്നതും ഫണ്ട് വകയിരുത്തുന്നതിലെ കുറവും ആ മേഖലയിലെ വിദഗ്ദരുടെ ലഭ്യതയില്ലായ്മയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.ഓരോ വർഷവും ഓരോയിനത്തിലും ലഭ്യമാകുന്ന തുകയുടെ വാസ്തവികത കണക്കാക്കാതെ പദ്ധതികൾ തയ്യാറാക്കുന്നതിനാൽ ചെയ്തുതീർത്ത പ്രവൃത്തികൾക്കും തുക നൽകാനാകാത്ത സാഹചര്യം വരുന്നു.നഗരസഭയിൽ തനതുഫണ്ട് വരവ് ശരാശരി 5 കോടി രൂപയാണെന്നിരിക്കെ ഏരോ വർഷവും തനതുഫണ്ടിൽനിന്ന് വകയിരുത്തുന്ന പ്രോജക്ടുകൾ 13 കോടിയുടേതാണ്.അതുകൊണ്ട് തന്നെ ചെയ്തുതീർത്ത പ്രവൃത്തികൾക്ക് നൽകാൻ തനതുഫണ്ട് തികയുന്നില്ല.പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പദ്ധതി ഓരോ പദ്ധതിയും പൂർത്തിയാക്കാനാവശ്യമായി നിർവഹണ കലണ്ടറിൽ സമയം നൽകുന്നുണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നില്ല.ഗ്രാമപഞ്ചായത്ത് നഗരസഭയായി മാറിയപ്പോഴുള്ള ആസ്തികളും

ബാദ്ധ്യതകളും കണക്കാക്കി ഏറ്റെടുക്കാനും ആസ്തികൾ സംരക്ഷിക്കാനും അടിയന്തിരനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.ഓഡിറ്റ് എൻക്വയറി.നം. 28 തീയതി 29.10.21പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ടെണ്ടർ നടപടികൾ സുതാര്യമല്ല 1570949 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

മരാമത്ത് പ്രവൃത്തി പൂർത്തിയാക്കി 2019-20 ൽ ബിൽ തുക നൽകിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം പരിശോധിച്ചപ്പോൾ ചിലതിൽ ടെണ്ടർനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കരാറുകാർ ഒപ്പിട്ടിട്ടില്ല, മറ്റുചിലതിൽ കരാറുകാർ ഒപ്പിട്ടിട്ടുണ്ടങ്കിലും ടെണ്ടർനിരക്ക് രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും ,ഈ പ്രവൃത്തികൾ ബന്ധപ്പെട്ട കരാറുകാർക്ക് തന്നെ നല്കിയതായും കാണുന്നുണ്ട് .അവ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രൊജക്ട് നം /പ്രൊജക്ട് പേര്, അടങ്കൽ തുക | ടെണ്ടർ തിയതി | അംഗീകരിച്ചകരാറുകാരൻ ,നിരക്ക് | അപാകത | ബിൽ നമ്പർ/ചെക്ക്നമ്പർ ,തിയതി ,തുക |
|---|---|---|---|---|---|
| 1 | 448/20(220/19)നടുക്കണ്ടി മോഹനൻ,കുന്നത്തുപുര സുരേന്ദ്രന്റെ വീടിനടുത്തുള്ള നടപ്പാത കോൺക്രീറ്റ് 1,90,000 | 2-8-2018 | ഇല്ലത്ത് കോയ എസ്റ്റിമേറ്റ് നിരക്ക് | ഇല്ലത്ത് കോയ ,കെ പി ഉണ്ണികൃഷ്ണൻ എന്നിവർ ടെണ്ടർ സമർപ്പിച്ചു,ഇല്ലത്ത് കോയ ടെണ്ടറിൽ ഒപ്പിട്ടുണ്ടെങ്കിലും,നിരക്ക് രേഖപ്പെടുത്തിയിട്ടില്ല,എന്നാൽ ഉണ്ണികൃഷ്ണന്റെ ഫോമിൽ ഒപ്പുമില്ല, നിരക്ക് രേഖപ്പെടുത്തിയിട്ടുമില്ല | 10009204/10-3-2020/ 178580 |
| 2 | 18/20മാടക്കണ്ട് റോഡ് ടാറിംഗ് 4,90,000 | 16-10-2019 | വി ആർ വിശ്വനാഥൻ എസ്റ്റിമേറ്റ് നിരക്ക് | വി ആർ വിശ്വനാഥൻ മാത്രമാണ് ടെണ്ടർ സമർപ്പിച്ചത് . റീടെണ്ടറായിരുന്നു. ടെണ്ടർഫോമിൽ ഒപ്പിട്ടിട്ടുണ്ടെങ്കിലും,നിരക്ക് രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ തിയതി കഴിഞ്ഞ്17-10-2019 തിയതി രേഖപ്പെടുത്തിയ ടെണ്ടർ ഫോമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് | 10009219/10-3-2020/ 62606 |
| 3 | 209/20 പടിപ്പുര ഗണേശൻ മെ മ്മോറിയൽ റോഡ് കോൺക്രീറ്റ് 1,10,000 | 16-10-2019 | സബിൻ കെ പി എസ്റ്റിമേറ്റ് നിരക്ക് | സബിൻ കെ പി, ഉണ്ണികൃഷ്ണൻ കെ പി എന്നിവർ ടെണ്ടർ സമർപ്പിച്ചു. സബിൻ കെ പി എസ്റ്റിമേറ്റ്നിരക്ക് എന്നും,ഉണ്ണികൃഷ്ണൻ കെ പി 1% കൂടുതൽ എന്നും ടെണ്ടർ ഫോമിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, കരാറുകാർ ഒപ്പിട്ടിട്ടില്ല. | 46/19-20/20-1-2020/ 107698 |
| 4 | 166/20മാവാടിവയൽതോട് ബാക്കിഭാഗം ഡ്രൈനേജ് | 4-1-2020 | കെ കെ സെയ്തലവി എസ്റ്റിമേറ്റ് നിരക്ക് | ഏക ടെണ്ടർ ,കരാറുകാരൻ നിരക്കെഴുതി ഒപ്പിട്ടിട്ടില്ല. | 10009245/20-3-2020/ 371349 |

| | | | | | |
|---|---|---|---|---|---|
| | 3,75,000 | | | | |
| 5 | 545/20ബാലൻ തട്ടാൻ റോഡ് കോൺക്രീറ്റ് 2,50,000 | 19-11-2019 | കെ പി ഉണ്ണികൃഷ്ണൻ എസ്റ്റിമേറ്റ് നിരക്ക് | ഏക ടെണ്ടർ , നിരക്കെഴുതിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ ഒപ്പിട്ടിട്ടില്ല. | 10008873/4-3-2020 /247085 |
| 6 | 496/20അസംപ്ഷൻ സ്കൂളിന് വനിതാ ടോയ്ലറ്റ് നിർമ്മാണം 5,00,000 | 12/11/2018 | സജി . എസ്റ്റിമേറ്റ് നിരക്ക് | സജി കെ,ബി അലി എന്നിവർ ടെണ്ടർ സമർപ്പിച്ചു. സജി കെ എസ്റ്റിമേറ്റ്നിരക്ക് എന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫോമിൽ ഒപ്പിട്ടിട്ടില്ല .ബി അലി 5% കൂടുതൽ എന്നും ടെണ്ടർ ഫോമിൽ രേഖപ്പെടുത്തി ഒപ്പിട്ടിട്ടുണ്ട്. | 28/19-20 /24-7-2019 /427161 |
| 7 | 459/19 (224/18) കൈപ്പഞ്ചേരി മൈതാനിക്കുന്ന് ലിങ്ക് റോഡ് ഡ്രൈനേജ് സ്ളാബിടൽ 2,00,000 | 12-12-2017 | എൻ പി നൗഷാദ് എസ്റ്റിമേറ്റ് നിരക്ക് | ഏക ടെണ്ടർ , എസ്റ്റിമേറ്റ് നിരക്ക് എന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഒപ്പിട്ടില്ല | 02132170/1-4-2010/ 176470 |
| | ആകെ | | | | 1570949 |

ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1. ടെണ്ടർ നിരക്ക് രേഖപ്പെടുത്താത്ത കരാറുകാർ എസ്റ്റിമേറ്റ് നിരക്കാണ് ഉദ്ദേശിച്ചിരുന്നത് എന്ന് നിർവ്വഹണോദ്യോഗസ്ഥന് എപ്രകാരം മനസിലായി എന്നുള്ളത് വ്യക്തമല്ല.

2. 4,90,000 രൂപ എസ്റ്റിമേറ്റുള്ള മേൽ പരാമർശിച്ചിരിക്കുന്ന പ്രോജക്റ്റ് നമ്പർ 18/20 മാടക്കുണ്ട് റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ ടെണ്ടർ നടന്നിരിക്കുന്നത് 16-10-2019 നാണ്.എന്നാൽ കരാറുകാരൻ ടെണ്ടർ സമർപ്പിച്ചിരിക്കുന്നത് 17-10-2019 നാണ് എന്ന് ടെണ്ടർ ഫോമിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ടെണ്ടർ 16-10-2019 ൽ ലഭിച്ചതായിട്ടാണ് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

3.ടെണ്ടർ ഫോമിൽ കരാറുകാർ രേഖപ്പെടുത്തിയിരിക്കുന്ന നിരക്ക്, തിരുത്തലുകൾ എന്നിവ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

4. ടെണ്ടർ രജിസ്റ്ററിൽ നിരക്ക് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടർ തുറക്കുമ്പോൾ ഹാജരുള്ള കരാറുകാരുടെ ഒപ്പും ടെണ്ടർ രജിസ്റ്ററിൽ വാങ്ങുന്നില്ല.

5. ഫയലിലും, ടെണ്ടർ രജിസ്റ്ററിലും,കരാറുകാർ നിരദ്രവ്യം കെട്ടിവച്ചതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

6. മേൽ വസ്തുതകൾ വിരൽചൂണ്ടുന്നത് ടെണ്ടർ നടപടികൾ സുതാര്യമല്ല എന്നാണ്. ചില കരാറുകാർക്ക് ഉദ്യോഗസ്ഥരുടെ വഴിവിട്ടുള്ള സഹായംകൂടി ലഭിക്കുന്നുണ്ട് എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം അവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 15,70,949 രൂപയുടെ ചെലവ് ഓഡിറ്റ് തടസത്തിൽ വയ്ക്കുന്നു. ഇതൊടൊപ്പം, അപാകതകളിലേക്ക് ഭരണസമിതിയുടെയും, ഭരണ വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ചരക്ക് സേവന നികുതി കുറവ് വരുത്തിയില്ല

ചരക്ക് സേവന നികുതി ഉൾപ്പെടെ 2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികളുടെ അവസാന ബിൽ തയാറാക്കിയപ്പോൾ 12 ശതമാനം ചരക്ക് സേവന നികുതി കൂടി ഉൾപ്പെടുത്തിയെങ്കിലും ,കരാറുകാരന് തുക നൽകിയപ്പോൾ ബില്ലിൽ നിന്നും 2 ശതമാനം ചരക്ക് സേവന നികുതി കുറവ് വരുത്തി ഈ തുക ബന്ധപ്പെട്ട കരാറുകാരുടെ പേരിൽ ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കേണ്ടതിനുപകരം ഈ തുക കൂടി കരാറുകാരന് നൽകിയതായി കാണുന്നു. ഇത്തരത്തിലുള്ള പ്രവൃത്തികൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നം/അടങ്കൽ | കരാറുകാരൻ | എം ബുക്ക് നമ്പർ/ പ്രവൃത്തി മൂല്യം | ബില്ലിൽ ഉൾപ്പെടുത്തി കരാറുകാരന് നൽകിയ 12 % GST തുക | ബിൽനമ്പർ / തിയതി / തുക |
|---|---|---|---|---|---|
| 1 | 116/20 16 -ാംഡിവിഷനിൽ വിവിധ നടവഴികൾ കോൺക്രീറ്റ് 2,60,000 | സുൽത്താൻ ബത്തേരി ലേബർ കോൺക്രീറ്റ് &കൺസ്ട്രക്ഷൻ കോ-ഓപറേറ്റീവ് സൊസൈറ്റി | 650/18-19 232579 | 27909 | 10009219/19-2-2020 257854 രൂപ |
| 2 | 537/20 മുനിസിപ്പൽഎൻജിനിയറിംഗ് വിഭാഗം ഓഫീസ് നവീകരണം 2,00,000 | സജി കെ | 613/18-19 145058 | 17407 | 10009175/12-3-2020 /162465 |
| | | | ആകെ | 45316 | |

2,50,000/- രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയിൽ 12 ശതമാനം ചരക്ക് സേവന നികുതി കൂടി ഉൾപ്പെടുത്തി ,കരാറുകാരന് നൽകിയപ്പോൾ, 12 ശതമാനം ചരക്ക് സേവന നികുതി കരാറുകാരൻ ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കുമെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ചരക്ക് സേവന നികുതിയിനത്തിൽ കരാറുകാർക്ക് നൽകിയ 45316രൂപയുടെ ചെലവ് ഓഡിറ്റുതടസ്സത്തിൽ വയ്ക്കുന്നു.

12 ശതമാനം ചരക്ക് സേവന നികുതി കൈപ്പറ്റിയ കരാറുകാർ , ഈ തുക ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കിയെന്ന് ഉറപ്പാക്കേണ്ടതും,തുക ഒടുക്കിയിട്ടില്ലായെങ്കിൽ കരാറുകാർക്ക് നൽകിയ 12 ചരക്ക് സേവന നികുതി തിരികെ ഈടാക്കി ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-38 മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിക്കാൻ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ

വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാത്ത കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കാതെ അവസാന ബിൽതുക നൽകിയതായി കാണുന്നു. .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം /പ്രൊജക്ട് പേര്, അടങ്കൽ തുക | കരാറുകാരൻ ടെണ്ടർ നിരക്ക് (PAC) | എഗ്രിമെൻറ്/ തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം ബുക്ക്പ്രകാരം പൂർത്തിയാക്കിയ തിയതി | പൂർത്തിയാക്കാനെടുത്ത കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ | അവസാന ബിൽ / ചെക്ക് നമ്പർ ,തുക |
|---|---|---|---|---|---|---|---|---|
| 1 | 358/20 (156/19) തിരുനെല്ലി ഞാറക്കാടൻ റോഡ് ടാറിംഗ് 2,80,000 | അരുൺ ഡി കര്യാക്കോസ് 279254 | AE/SBY /117/17-18 12-3-2018 | 11-6-2018 | 30-1-2020 | 19മാസം 18ദിവസം | 36303(13% ,1+2+2+2+2+2+) | 10008872/ 4-3-2020 186391രൂപ |
| 2 | 457/20 (240/19) അയപ്പൻ വൈദ്യൻ റോഡ് ടാറിംഗ് 3,00,000 | സി എം ബാലകൃഷ്ണൻ 2,80,977 | AE/SBY /171/18-19 / 11-10-2018 | 31-3-2019 | 5-2-2020 | 10മാസം 5 ദിവസം | 19668(7% 1+2+2+2) | 10009146/ 7-3-2020 280977 രൂപ |
| 3 | 500/20 (553/19)മാന്തംകൊല്ലി രാധയുടെ വീടിനസമീപം റോഡ് കോൺക്രീറ്റ് 2,00,000 | ഇല്ലത്ത് കോയ 199347 | AE/LSGD /SBY/72 /18-19 /5-9-2018 | 31-3-2019 | 22-2-2020 | 10മാസം 22 ദിവസം | 13954 (7% 1+2+2+2) | 10009203/ 10-3-2020 199561 രൂപ |
| 4 | 448/20 (220/19) നടുക്കണ്ടി മോഹനൻ കന്നത്ത്പുര സുരേന്ദ്രന്റെ വീടിനടുത്തുള്ള നടപ്പാത കോൺക്രീറ്റ് 1,90,000 | ഇല്ലത്ത് കോയ 187374 | AE/SBY /75//18-19 / 5-9-2018 | 31-3-2019 | 27-1-2020 | 9മാസം 27 ദിവസം | 9369 (5% 1+2+2) | 10009204/10-3-2020 178580 രൂപ |
| 5 | 459/20 (248/19)കൈപ്പഞ്ചേരി മാക്കുറ്റി റോഡ് പാച്ച്വർക്ക് 3,50,000 | എൻ പി നൗഷാദ് 332552 | AE/SBY /178/18-19 / 6-12-2018 | 31-3-2019 | 28-2-2020 | 10മാസം 28ദിവസം | 23279(7% 1+2+2+2) | 10009180/16-3-2020 334758 രൂപ |
| 6 | 481/20 (303/19) പ്രിയദർശിനി റോഡ്സൈഡ് പ്രോട്ടക്ഷൻ8,00,000 | സജി കെ 799825 | AE/SBY /210/18-19 / 11-2-2019 | 31-3-2019 | 28-2-2020 | 10മാസം 28ദിവസം | 55988(7% 1+2+2+2) | 10009193/ 18-3-2020 798815 രൂപ |
| 7 | 419/20 (160/19)ചെനലയം പൂവണ്ടി റോഡ് നവീകരണം 4,80,000 | സബിൻ കെ പി 476786 | AE/SBY /62/18-19 / 5-9-2018 | 31-3-2019 | 26-12-2019 | 8മാസം 26ദിവസം | 23839(5% 1+2+2) | 10008637/ 10-1-2020 451587 രൂപ |
| 8 | 501/20 (556/19) മാന്തംകൊല്ലി റോഡ് ടാറിംഗ് 3,50,000 | ഇല്ലത്ത് കോയ331560 | AE/SBY /188/18-19 / 10-12-2018 | 31-3-2019 | 20/ 1/2020 | 9മാസം 20 ദിവസം | 16578(5% 1+2+2) | 10008857/24-2-2020 338336രൂപ |
| 9 | 471/20 (281/19) കിടങ്ങിൽ കോളനി | ടി ജെ സണ്ണി 114076 | AE/SBY /149/18-19 / | 31-3-2019 | 9-12-2019 | 8മാസം 9ദിവസം | 5704(5% 1+2+2) | 58/19-20 / 25-2-2020 101796 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ദൈവപ്പുര നടവഴി കോൺക്രീറ്റ് 1,20,000 | | 11-10-2018 | | | | | രൂപ |
| 10 | 361/20 (217/18)കൈപ്പഞ്ചേരി അംഗൻവാടി ചുറ്റുമതിൽ നിർമ്മാണം 2,00,000 | നൗഷാദ് കെ പി 194691 | AE/SBY /150/17-18/ 27-3-2018 | 26-9-2018 | 6-5-2019 | 7മാസം 10 ദിവസം | 9735(5% 1+2+2) | 02600412/16-10-2019 173251 രൂപ |
| 11 | 425/19 (134/18) പുതുച്ചോലവയൽ റോഡ് ടാറിംഗ് 3,30,000 | ടി ജെ സണ്ണി 324044 | AE/SBY /63/17-18/ 16-1-2018 | 31-3-2018 | 27-3-2019 | 11മാസം 27 ദിവസം | 22683(7% 1+2+2+2) | 02132161/1-4-2019 315323 രൂപ |
| 12 | 452/19 (210/18) 33-ംഡിവിഷനിൽ വിവേധ നടപ്പാതകൾ കോൺക്രീറ്റ് 6,50,000 | കെ പി ഉണ്ണികൃഷ്ണൻ630380 | AE/SBY /87/17-18/ 23-2-2018 | 31-3-2018 | 6-3-2019 | 11മാസം 6 ദിവസം | 44127(7% 1+2+2+2) | 02132163/1-4-2019 478294 രൂപ |

പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും,മറുപടി ലഭ്യമാക്കിയില്ല.

മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ പ്രവൃത്തിപൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും എഗ്രിമെന്റിൽ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരമുള്ള പിഴയീടാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴയീടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-39 നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കുണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

നഗരസഭയുടെ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചുവരുന്നുണ്ട്.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | ബാങ്ക് | 31.03.2020 -ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | അസി. എഞ്ചിനിയർ | 507702010026527 | യൂണിയൻ ബാങ്ക്, സുൽത്താൻ ബത്തേരി | ₹28,46,759/- |
| 2 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 57068379791 | എസ്.ബി.ഐ, സുൽത്താൻ ബത്തേരി | ₹1,95,421/- |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചെതലയം | 6704705668 | സി.ബി.ഐ, ചെതലയം | ₹109493/- |

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ സുൽത്താൻ ബത്തേരി സബ് ട്രഷറി മുഖേനയാണ് പിൻവലിക്കുന്നത്. നിലവിൽ ഇത് ബാങ്കിംഗ് ട്രഷറിയായതിനാൽ ബാങ്ക് അക്കൗണ്ടിന്റെ ആവശ്യമുള്ളതായി കാണുന്നില്ല.

മേൽപറഞ്ഞ ബാങ്ക് അക്കൗണ്ടുകൾ നഗരസഭയുടെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നം. 32/2019-20/ 29.10.2021 ന് മറുപടി നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-40 എസ്.റ്റി. വനിത ഗ്രൂപ്പിന് കോഴി വളർത്തൽ - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

വെറ്ററിനറി സർജൻ 2019-20 -വർഷത്തൽ പ്രോജക്റ്റ് നം. എസ് 0317/20, എസ്.റ്റി. അയൽക്കൂട്ട വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കോഴി വളർത്തൽ എന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. ₹7,00,000/- യാണ് ചെലവ് (ട്രഷറി ബിൽ നം. 01/19-20/ 07.05.2019, അടങ്കൽ ₹7,50,000/-, വികസന ഫണ്ട് (ടി.എസ്.പി.)). വനിതഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ താഴെ പറയുന്നു.

1) അയൽക്കൂട്ട വനിത ഗ്രൂപ്പുകൾ രൂപീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ 25.06.2018 -ലെ 16-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് അനുസരിച്ച് 276 വനിതകളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ. (കൈ)നം. 22/2018 /തസ്വഭവ, തീയതി 14.02.2018) ഗ്രൂപ്പ് സംരംഭങ്ങൾക്ക് കുറഞ്ഞത് 5 പേർ അടങ്ങിയ ഗ്രൂപ്പുണ്ടായിരിക്കണം. സംരംഭം ഒറ്റ യൂണിറ്റായി നടത്തുകയും സാമ്പത്തിക ഇടപാടുകൾ ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതുമാണ്.

2) പദ്ധതി നിർവ്വഹണ സംബന്ധിച്ച് യാതൊരു വിവരവും പ്രോജക്റ്റ് രേഖയിൽ ഉപരാമർശിച്ചിട്ടില്ല. ആയതിനാൽ കൂട് സംബന്ധിച്ച് വിവരങ്ങളോ ഗുണഭോക്താക്കൾക്ക് നൽകുന്ന കോഴികളുടെ എണ്ണം സംബന്ധിച്ച് വിവരങ്ങളോ ലഭ്യമല്ല. ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖകൾ അനുസരിച്ച് 25 കോഴികളെ വീതമാണ് നൽകിയിട്ടുള്ളത്.

3) പ്രോജക്റ്റ് പ്രകാരം ₹7,00,000/- രൂപ ചെലവിൽ 7000/- കോഴികളെ പ്രതിഭ കുടുംബശ്രീ പുതുക്കോട്ടകുന്ന് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ 276 ഗുണഭോക്താക്കൾക്ക് 25 കോഴികൾ വീതം ആകെ 6900 കോഴികളെയാണ് വിതരണം ചെയ്തിട്ടുള്ളത്.

4) ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 31.01.2018 - ലെ ബി2/4866/17/പ്ലാ. നമ്പർ നടപടിക്രമം അനുസരിച്ച് പ്രതിഭ കുടുംബലശ്രീ പുതുക്കോട്ടകുന്ന് എന്ന സ്ഥാപനത്തിന്റെ ഫാം ശേഷി 1500 ആണ്. എന്നാൽ 7000 കോഴികളെ അവിടെ നിന്നും ഒറ്റ തവണയായി വാങ്ങൽ നടത്തിയിട്ടുണ്ട്.

5) ഫാമിൽ നിന്നും ₹100/- നിരക്കിലാണ് കോഴികളെ വാങ്ങിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി നൽകാവുന്ന ധനസഹായം 85% ആണ്. എന്നാൽ കോഴിയുടെ വിലയുടെ 15% തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 05 /2019-20/ 18.10.2021 -ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാത്ത 100 കോഴികളുടെ വിലയായ ₹10000/-യും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 6900 കോഴികളുടെ വിലയുടെ 15% തുകയായ ₹1,03,500/-യുംകൂടി ആകെ 1,13,500 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി ചെലവ് തുക ₹5,86,500/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഖ.3-1 കാണുക)

## 1-41 തിരുനെല്ലി കോളനിയുടെ സമഗ്ര വികസനം - പ്രോജക്റ്റ് രൂപീകരണവും നിർവ്വഹണവും ക്രമപ്രകാരമല്ല.

കൃഷി ഓഫീസർ തയ്യാറാക്കിയ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ തിരുനെല്ലി കോളനി സുസ്ഥിര സമഗ്ര വികസനം എന്ന പദ്ധതി നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്റ്റ് റിപ്പോർട്ട് അനുസരിച്ച് മണ്ണ്-ജല സംരക്ഷണം, പച്ചക്കറി വികസനം, നെൽകൃഷി വികസനം, മുട്ടക്കോഴി വളർത്തൽ, കന്നുകാലി പരിപാലനം, വനവത്കരണം, പുഞ്ച സീസണിൽ തരിശായി കിടക്കുന്ന നെൽവയലുകളിലും പുരയിടങ്ങളിലും പയർകൃഷി, ധാന്യകൃഷി, കാർഷിക ആവശ്യത്തിനുള്ള ഉത്പാദനോപാധികൾ, ജലസേചന സൗകര്യം, മരുന്ന് തളിക്കുന്നതിന് സ്പ്രേയർ വിതരണം എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. കോളനിയിലെ നിലവിലെ അവസ്ഥ എന്താണെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. കൃഷിക്കും മറ്റ് പ്രവർത്തനങ്ങൾക്കും ആവശ്യമായ സ്ഥല ലഭ്യതയെ കുറിച്ചും ഓരോ പ്രവർത്തനത്തിനും ആവശ്യമായ തുകയെ കുറിച്ചും റിപ്പോർട്ടിൽ പരാമർശമില്ല. പ്രോജക്റ്റിന്റെ നിർവ്വഹണം എപ്രകാരമാണ് എന്നതു സംബന്ധിച്ചും പ്രതിപാദിച്ചിട്ടില്ല.

നഗരസഭയുടെ 13-ാം ഡിവിഷനിലെ തിരുനെല്ലി എസ്.റ്റി. കോളനിയുടെ സമഗ്ര വികസനത്തിനായി 2018-19 വർഷത്തിൽ സുസ്ഥിര' എന്ന പേരിൽ ഒരു പ്രോജക്റ്റ് തയ്യാറുക്കുകയും ആയത് പ്രസ്തുത വർഷം നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ 2019-20 വർഷത്തിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ ഇതേ പേരിൽ മറ്റൊരു പ്രോജക്റ്റ് കൂടി നടപ്പിലാക്കിയിട്ടുണ്ട്. കൃഷി ഓഫീസറാണ് മേൽ പറഞ്ഞ പ്രോജക്റ്റുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥ.

പ്രോജക്റ്റുകൾ പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | അടങ്കൽ, ഫണ്ട് | ചെലവ്, ട്രഷറി ബിൽ നമ്പർ തീയതി | പ്രവർത്തനങ്ങളും ചെലവും |
|---|---|---|---|---|
| 1 | എസ്.0277/19<br>എസ്.0315/20 | 12,00,000/-, വികസന ഫണ്ട് (ടി.എസ്.പി.) | ₹70,000/- | (2018-19 വർഷത്തെ ചെലവ്) |
| | | | ₹163600/-(01/19-20, 30.4.19) | ₹160000/-കിണർ റീച്ചാർജ്ജ്<br>₹3600/- സ്പ്രേയർ |
| | | | ₹506650/-(02/19-20, 07.05.19) | ₹210182/- കുമ്മായം<br>₹227868/- കോഴിക്കൂട്<br>₹68600/- കോഴി വിതരണം |
| | | | ₹459750/-(03/19-20, 29.4.19) | ₹40000/- മോട്ടോർ<br>₹166500/- ജൈവ വളം<br>₹6500/- ഓർഗാനിക് ബൂസ്റ്റർ<br>₹88250/- ഫലവൃക്ഷ തൈ<br>₹100000/- കുരുമുളക് വള്ളി |
| 2 | എസ്.0253/20 | 7,00,000/-, വികസന ഫണ്ട് (ടി.എസ്.പി.) | ₹3,00,000/-, (15/19-20, 22.4.20)<br>₹4,00,000/-, (16/19-20, 22.4.20) | തൊഴുത്ത് നിർമ്മാണം |
| ആകെ ചെലവ് | | | ₹17,00,000/-, | |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ പറയുന്നു.

1) ഡി.പി.സി. യുടെ അംഗീകാരത്തിന് സമർപ്പിച്ച് പ്രോജക്റ്റ് രൂപീകരണ ഫോറം അനുസരിച്ച് വീട്ടുവളപ്പിലെ എല്ലാ സ്ഥലങ്ങളും കൃഷിയോഗ്യമാക്കുക എന്നത് മാത്രമാണ് പദ്ധതിയുടെ ലക്ഷ്യം. അധിക വിവരങ്ങളിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക, മണ്ണ് -ജല സംരക്ഷണം, വീട്ടുവളപ്പിലെ മാലിന്യ സംസ്കരണം, വളർത്തു മൃഗങ്ങൾക്ക് സംരക്ഷണം, തരിശു രഹിതഗ്രാമം, സുസ്ഥിര വികസനം,സ്വയം പര്യാപ്ത ഗ്രാമം എന്നിവയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവർത്തനങ്ങളുടെയും ചെലവുകളുടെയും ഭാഗത്ത് പ്രോജക്റ്റ് പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രവർത്തനങ്ങളുടെയും ഓരോ ഇനത്തിനും വകയിരുത്തിയ തുകയുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മുഴുവൻ അടങ്കൽ തുകയും വീട്ടുവളപ്പിലെ എല്ലാ സ്ഥലങ്ങളും കൃഷിയോഗ്യമാക്കുക എന്ന ഒരു പ്രവർത്തനത്തിന് വകയിരുത്തിയിരിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2) പദ്ധതി മാർഗ്ഗരേഖ പ്രകാരം ഊരുകൂട്ടയോഗം ചേർന്നുവേണം ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃ തിരഞ്ഞെടുപ്പും നടത്തേണ്ടത്. ഊരുകളിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രോജക്ടുകളുടെ മുൻഗണന അതത് ഊരുകൂട്ടങ്ങളിൽ നിശ്ചയിക്കണം. എന്നാൽ തിരുനെല്ലി കോളനിയുടെ സമഗ്ര വികസനം എന്ന പദ്ധതി ഊരുകൂട്ടത്തിൽ ചർച്ച ചെയ്തതായി കാണുന്നില്ല. വാർഡ് വികസന സമിതിയുടെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മിനട്ട്സ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തതായി കാണുന്നില്ല. പ്രോജക്റ്റ് പ്രകാരം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ആവശ്യകതയും അളവും വകയിരുത്തേണ്ട തുകയും നിർണ്ണയിച്ചതായി കാണുന്നില്ല.

3) പദ്ധതി അനുസരിച്ചുള്ള ചെലവുകളിൽ മൃഗസംരക്ഷണ മേഖലയിൽ വരുന്ന പ്രവർത്തനങ്ങളും ഘടകമായി വന്നിട്ടുണ്ട്. ആയത് കൃഷി ഓഫീസർ തന്നെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിൽ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും അതത് മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ പ്രോജക്റ്റ് നിർവ്വഹണം നടത്തേണ്ടതാണ്. തൻവർഷം എസ്.റ്റി. അയൽക്കൂട്ട വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കോഴിവളർത്തൽ എന്ന പ്രോജക്റ്റ് വെറ്ററിനറി സർജൻ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റ് പ്രകാരം കോഴികളെ ലഭിച്ച ഗുണഭോക്താക്കൾക്ക് വീണ്ടും ഈ പ്രോജക്റ്റ് പ്രകാരം കോഴികളെ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പ്രോജക്റ്റിന്റെ ഭാഗമായി കോഴി, കോഴിക്കൂട് വിതരണം എന്നിവ നടത്തിയിട്ടുണ്ട്. മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പ്രകാരം

കോഴിയും കോഴിക്കൂടും ജില്ലാ തലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിലാണ് വാങ്ങേണ്ടത്. പ്രോജക്റ്റ് നടപ്പിലാക്കിയ വർഷത്തെ പ്രസ്തുത നിരക്കുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിന് പുറമേ കോഴികളെ കാരച്ചാൽ മാടേക്കൽ എഗ്ഗർ നേഴ്സറിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ഫാമിന് തൻവർഷം മൃഗസംരക്ഷണ വകുപ്പിന്റെ അംഗീകാരം ഉണ്ടോ എന്നത് സംബന്ധിച്ച രേഖ ലഭ്യമാക്കിയിട്ടില്ല.

4) എസ്.റ്റി. കോളനിയുടെ സമഗ്ര വികസനത്തിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ പല പ്രവർത്തനങ്ങളും വ്യക്തിഗത ധനസഹായം നൽകുന്ന രീതിയിലാണ് നടപ്പിലാക്കിയിട്ടുള്ളത്. കിണർ റീച്ചാർജ്ജ്, മോട്ടോർ, തൊഴുത്ത് നിർമ്മാണം എന്നിവയ്ക്ക് ഗുണഭോക്താക്കൾ നേരിട്ട് നടത്തിയ ചെലവുകൾക്ക് അവർ ഹാജരാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുണ്ട്.

5) പ്രോജക്ടിന്റെ ഭാഗമായി ഫലവൃക്ഷ തൈ വിതരണം, കുരുമുളക് കട്ടിംഗ് വിതരണം, ജൈവ വള വിതരണം, ഓർഗാനിക് ബൂസ്റ്റർ വിതരണം എന്നിവ നടത്തിയിട്ടുണ്ട്. എന്നാൽ കൃഷി നടത്തുന്നതിനാവശ്യമായ സ്ഥല ലഭ്യത സംബന്ധിച്ചും, ജൈവ വളവും ഓർഗാനിക് ബൂസ്റ്ററും എന്ത് കൃഷിക്കാണ് വിതരണം ചെയ്തത് എന്നത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 13 /2019-20/ 23.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് തുക ₹17,00,000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-42 കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിച്ച സംരംഭത്തിനു വേണ്ടി വാങ്ങിയ ഉപകരണങ്ങൾ നഗരസഭ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ. (കൈ)നം. 17/2018/തസ്വഭവ, തീയതി 02.02.2018) വനിതാഘടക പദ്ധതിയിൽ ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കാനുള്ള പ്രോജക്ടുകൾ നഗരസഭകൾക്ക് രൂപം നൽകാവുന്നതാണ്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2019-20 -വർഷത്തിൽ ₹15,00,000/- വികസന ഫണ്ട് വകയിരുത്തി പ്രോജക്റ്റ് നം. എസ് 0353/20 പ്രകാരം കുടുംബശ്രീ ടൈലറിംഗ് യൂണിറ്റ് എന്ന സംരംഭം ആരംഭിക്കുന്നതിന് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. സംരംഭത്തിന് ആവശ്യമായ തയ്യൽ മഷീനുകളും അനുബന്ധ ഉപകരണങ്ങളും ടെണ്ടർ മുഖേന വാങ്ങാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നതെങ്കിലും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലേക്കുള്ള ഇലക്ഷൻ കാരണം ടെണ്ടർ നടപടികൾക്കുള്ള സമയ പരിമിതി കാരണം ഭരണസമിതിയുടെ തീരുമാന പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഉപകരണങ്ങളുടെ സ്റ്റോർ പർച്ചേസ് വകുപ്പ് അംഗീകരിച്ച നിരക്ക് സംബന്ധിച്ച സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്റ്റ് പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെ.എസ്.ഐ.ഇ. യുടെ ഇൻവോയിസ് നമ്പറും തീയതിയും തുകയും | ചെലവ് തുക | ട്രഷറി ബിൽ നമ്പറു തീയതിയും |
|---|---|---|---|
| 1 | PKDBC/000042/18.07.2019, ₹499125/- | 499125 | 07/2019-20, 12.02.2020 |
| 2 | PKDBC/000043/18.07.2019, ₹495800/- | 494778 | 08/2019-20, 12.02.2020 |
| 3 | PKDBC/000044/19.07.2019, ₹467897/- | 467897 | 06/2019-20, 12.02.2020 |
| ആകെ ചെലവ് | | ₹14,61,800/- | |

മേൽ പറഞ്ഞ കെ.എസ്.ഐ.ഇ. യുടെ ഇൻവോയിസുകൾ പ്രകാരം വാങ്ങിയ തയ്യൽ മഷീനുകളുടെയും അനുബന്ധ ഉപകരണങ്ങളുടെ വിവരങ്ങൾ നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിലും ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. കാരാറുടമ്പടി ചമയ്ക്കാതെ പ്രസ്തുത ഉപകരണങ്ങൾ കുടുംബശ്രീക്ക് കൈമാറി.

മേൽ പറഞ്ഞ ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 03 /2019-20/ 18.10.2021 -ന് മറുപടിയായി പ്രസ്തുത ആസ്തികൾ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും കുടുംബശ്രീയുമായി ഉടമ്പടി വയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഉപകരണങ്ങളുടെ വിവരങ്ങൾ സ്റ്റോക്ക്/ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്താത്തി കുടുംബശ്രീയുമായി കരാറുടമ്പടിയിൽ ഏർപ്പെട്ടും അറിയിക്കേണ്ടതാണ്.

## 1-43 സുരക്ഷിത നിക്ഷേപം ഇനത്തിൽ കരാറുകാരിൽ നിന്നും ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് നഗരസഭ ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 27.08.2010 -ലെ സർക്കുലർ നമ്പർ 80/10/ധനം പ്രകാരം നിരതദ്രവ്യം, സുരക്ഷിത നിക്ഷേപം

എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വെറ്ററിനറി സർജൻ 2020-21 വർഷത്തിൽ നടപ്പിലാക്കിയ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (നം. എസ്.0280/20) 19.02.2020- ന് നടത്തിയ ടെണ്ടറിന്റെ ഭാഗമായി കരാറുകരിൽ നിന്നും നിരതദ്രവ്യം ഇനത്തിൽ ലഭിച്ച താഴെ പറയുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ നഗരസഭ ഫണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

| ക്രമ നമ്പർ | സ്ഥാപനം | ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ, തീയതി | തുക |
|---|---|---|---|
| 1 | മലബാർ ഡ്രഗ്ഗ് ലൈൻസ് | 433602/17.02.2020 | ₹3000/- |
| 2 | ഡൈനാ വെറ്റ് | 678117/18.02.2020 | ₹3000/- |
| 3 | കെയർ വെൽ ഫാർമ | 409466/18.02.2020 | ₹3000/-(**) |
| ആകെ തുക | | | ₹3000/- |

[(**) 11.03.2021 തിരിച്ച് കൊടുത്തു.]

2007 - ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 18 പ്രകാരവും നിർവ്വഹണ ഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്തിനു വേണ്ടി സ്വീകരിക്കുന്ന എതൊരു തുകയും യഥാസമയം നഗരസഭയുടെ ഒടുക്കേണ്ടതാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിനു വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റുകൾ നഗരസഭ അക്കൗണ്ടിൽ ഒടുക്കാതെ ഫയലിൽ സൂക്ഷിച്ചത് ക്രമവിരുദ്ധമാണ്.

ഓഡിറ്റ് എൻക്വയറി നം. 04/2019-20/ 18.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-44 ദുരിതാശ്വാസനിധി പ്രവർത്തനം

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അത്യാഹിതം, അഗ്നിബാധ, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭാപ്രദേശത്ത് നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനാണ് ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുള്ളത്. കേരളഗ്രാമീണബാങ്കിന്റെ സുൽത്താൻ ബത്തേരി ബ്രാഞ്ചിലെ 40236100110615നം. അക്കൗണ്ടിലാണ് ചെയർമാന്റെ ദുരിതാശ്വാസനിധി സൂക്ഷിച്ചിട്ടുള്ളത്. 2019-20ലെ വരവുചെലവുവിവരങ്ങൾ ഇപ്രകാരമാണ്.

മുൻബാക്കി-54170

വരവ്-135237

ആകെ-189407

തൻവർഷം ചെലവ്-1,33,710/-

നീക്കിബാക്കി-55,697/-

ചട്ടം 4(3) പ്രകാരം ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി നഗരസഭാചെയർപേഴ്സൺ ചെയർമാനും സെക്രട്ടറി കൺവീനറുമായി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്ന ചട്ടം 5 (2) പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

ഈ തുകകളുടെ വിവരം നഗരസഭയുടെ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.ചട്ടം 6 പ്രകാരം പ്രതിമാസകണക്കുകൾ കൌൺസിൽ യോഗങ്ങളിൽ അവതരിപ്പിച്ചുകാണുന്നില്ല.

2019-20 വർഷത്തിൽ 69 ഗുണഭോക്താക്കൾക്കായി 133710 രൂപ വിതരണം ചെയ്തിട്ടുണ്ട്.വളരെ നല്ല രീതിയിൽ ദുരിതാശ്വാസനിധി കൈകാര്യം ചെയ്യുന്നതിനാൽ ധാരാളംആളുകൾക്ക് ഉപകാരപ്പെടുന്നുണ്ട്.ഇപ്രകാരം ദുരിതാശ്വാസനിധി കൈകാര്യം ചെയ്യുന്നതിന് നഗരസഭ അഭിനന്ദനമർഹിക്കുന്നു.കൂടുതൽ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 എസ്.റ്റി. അയൽക്കൂട്ട വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കോഴി വളർത്തൽ -1,13,500 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

വെറ്ററിനറി സർജൻ 2019-20 -വർഷത്തൽ പ്രോജക്ട് നം. എസ് 0317/20, എസ്.റ്റി. അയൽക്കൂട്ട വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കോഴി വളർത്തൽ എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ₹7,00,000/- യാണ് ചെലവ് (ട്രഷറി ബിൽ നം. 01/19-20/ 07.05.2019, അടങ്കൽ ₹7,50,000/-, വികസന ഫണ്ട് (ടി.എസ്.പി.)). വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ താഴെ പറയുന്നു.

1) അയൽക്കൂട്ട വനിത ഗ്രൂപ്പുകൾ രൂപീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ 25.06.2018 -ലെ 16-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് അനുസരിച്ച് 276 വനിതകളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ. (കൈ)നം. 22/2018 /തസ്വഭവ, തീയതി 14.02.2018) ഗ്രൂപ്പ് സംരംഭങ്ങൾക്ക് കുറഞ്ഞത് 5 പേർ അടങ്ങിയ ഗ്രൂപ്പുണ്ടായിരിക്കണം. സംരംഭം ഒറ്റ യൂണിറ്റായി നടത്തുകയും സാമ്പത്തിക ഇടപാടുകൾ ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതുമാണ്.

2) പദ്ധതി നിർവ്വഹണ സംബന്ധിച്ച് യാതൊരു വിവരവും പ്രോജക്ട് രേഖയിൽ ഉപരാമർശിച്ചിട്ടില്ല. ആയതിനാൽ കൂട് സംബന്ധിച്ച് വിവരങ്ങളോ ഗുണഭോക്താക്കൾക്ക് നൽകുന്ന കോഴികളുടെ എണ്ണം സംബന്ധിച്ച് വിവരങ്ങളോ ലഭ്യമല്ല. ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖകൾ അനുസരിച്ച് 25 കോഴികളെ വീതമാണ് നൽകിയിട്ടുള്ളത്.

3) പ്രോജക്ട് പ്രകാരം ₹7,00,000/- രൂപ ചെലവിൽ 7000/- കോഴികളെ പ്രതിഭ കുടുംബശ്രീ പുതുക്കോട്ടകുന്ന് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ 276 ഗുണഭോക്താക്കൾക്ക് 25 കോഴികൾ വീതം ആകെ 6900 കോഴികളെയാണ് വിതരണം ചെയ്തിട്ടുള്ളത്.

4) ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 31.01.2018 - ലെ ബി2/4866/17/പ്ലാ. നമ്പർ നടപടിക്രമം അനുസരിച്ച് പ്രതിഭ കുടുംബലശ്രീ പുതുക്കോട്ടകുന്ന് എന്ന സ്ഥാപനത്തിന്റെ ഫാം ശേഷി 1500 ആണ്. എന്നാൽ 7000 കോഴികളെ അവിടെ നിന്നും ഒറ്റ തവണയായി വാങ്ങൽ നടത്തിയിട്ടുണ്ട്.

5) ഫാമിൽ നിന്നും ₹100/- നിരക്കിലാണ് കോഴികളെ വാങ്ങിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി നൽകാവുന്ന ധനസഹായം 85% ആണ്. എന്നാൽ കോഴിയുടെ വിലയുടെ 15% തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 05 /2019-20/ 18.10.2021 -ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാത്ത 100 കോഴികളുടെ വിലയായ ₹10000/-യും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 6900 കോഴികളുടെ വിലയുടെ 15% തുകയായ ₹1,03,500/-യുംകൂടി ആകെ 1,13,500 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി ചെലവ് തുക ₹5,86,500/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 11.10.21 മുതൽ 20.10.21 വരെ | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.) എം1-843/21/30.10.21 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ.നം | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KSEB | ST കോളനി വൈദ്യുതി കണക്ഷൻ ചാർജ്ജ് | 94/19-20 24.10.2019 | 2654 | 2654 | Nil |
| 2 | KSEB | ഏഴിച്ചാൽക്കുന്ന് പണിയ കോളനി | 96/19-20 24.10.2019 | 32508 | 32508 | Nil |
| 3 | KSEB | പഴയ ബസ്സ്റ്റാൻറിൽ ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ | 99/19-20 24.10.2019 | 100896 | 100896 | Nil |
| 4 | KSEB | ചെമ്പലത്താണി കുടിവെള്ള പദ്ധതി | 100/19-20 15.11.2019 | 9190 | 9190 | Nil |
| 5 | GWD | വേങ്ങൂർ ജോണിയുടെ വീടിനു സമീപം കുഴൽകിണർ | 197/19-20 31.03.2020 | 83500 | 83500 | Nil |
| 6 | KWA | 9-ാം ഡിവിഷനിൽ KWA പൈപ്പ് ലൈന് നീട്ടൽ | 948/19-20 07.03.2020 | 100000 | 92820 | 7180 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക 1-04-2019 ന് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 31-03-2020 |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സൌഭാഗ്യ ഭവനപദ്ധതി | ജി.ഒ(എം.എസ്)83/13/LSGD 11.03.13 | 2,00,00,000 | 1,27,73,706 | 22,84,649 | 24,15,351 | 1,04,89,057 |

നഗരസഭ ബാങ്കിൽ അടച്ച 10ലക്ഷം രൂപ ലോൺ അക്കൗണ്ടിൽ വരവ് വെക്കാത്തത് സംബന്ധിച്ച് ഖണ്ഡിക 1-25 പ്രകാരം പരാമർശിച്ചിട്ടുണ്ട്.ആയതുകൂടി ക്രമീകരിച്ച് യഥാർത്ഥത്തിൽ 31.03.2020 ന് അടക്കേണ്ട തുക സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 620425 |
| തൻവർഷം നിക്ഷേപിച്ച തുക | 47741(പലിശ) |
| ആകെ | 668166 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 668166 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13548 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-16 | 13,548/- | എൻ.വി.ദാമോദരൻ, | 119140107279, 6-09-2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ/ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 97-98 | 68 | 1999-2000 | 77 | രാജീവ് ഗാന്ധി ബൈപ്പാസ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ അധികമായി കരിങ്കൽ വാങ്ങി | സമിതിയുടെ പരിഗണനയില് |
| 98-99 | 65 | 2001-02 | 4(2) | വനിതകൾക്കുള്ള പ്രൊജക്ടിൽ പുരുഷൻമാർക്ക് ആനുകൂല്യം നൽകി. | സമിതിയുടെ പരിഗണനയില് |
| 98-99 | 30 | 2001-02 | 4(3) | കമ്മ്യൂണിറ്റി ഹാൾ വാടക പഞ്ചായത്തിൽ അടക്കാതെ അപഹരിച്ചു. നഷ്ടം -19550/- രൂപ | സമിതിയുടെ പരിഗണനയില് |
| 98-99 | 38 | - | 4(4) | ബിൽഡിംഗ് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്-പഞ്ചായത്തിന് നഷ്ടം-23520/- രൂപ | സമിതിയുടെ പരിഗണനയില് |
| 99-2000 | 49 | 2002-03 | 5(1) | പൊതുമരാമത്ത് പ്രവർത്തി അധിക നിരക്ക് നൽകി | സമിതിയുടെ പരിഗണനയില് |
| 99-2000 | 49 | 2002-03 | 5(2) | വനിതകൾക്കുള്ള പ്രൊജക്ടിൽ പുരുഷൻമാർക്ക് ആനുകൂല്യം നൽകി. | സമിതിയുടെ പരിഗണനയില് |
| 2006-07 | 2-6 | 2009-10 | 3(1)2(1) | കെട്ടിട വാടക പിരിവ് അപാകങ്ങൾ | സമിതിയുടെ പരിഗണനയില് |
| 2006-07 | 2-6 | 2009-10 | 3(1)2(1)A | വാടകക്കാരുമായി കൃത്യമായി കരാറിലേർപ്പെടുന്നില്ല. | സമിതിയുടെ പരിഗണനയില് |
| 2006-07 | 2-6 | 2009-10 | 3(1)2(1)B | വാടക കുടിശ്ശിക പിരിച്ചെടുത്തില്ല. | സമിതിയുടെ പരിഗണനയില് |
| 2006-07 | 2-6 | 2009-10 | 3(1)2(2) | ചട്ടവിരുദ്ധമായി വാടക നൽകി | സമിതിയുടെ പരിഗണനയില് |
| 2010-11 | | 2012-13 | 4.8.2 | കെ.ടി.ഡി.സി ഹോട്ടൽ സംബന്ധിച്ച്. | സമിതിയുടെ പരിഗണനയില് |
| 2012-13 | | 2015-16 | 3(1)3(6) | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച്. | സമിതിയുടെ പരിഗണനയില് |
| 2015-16 | 2-2 | 2016-17 | - | തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല.-4562637/- | തുക നഗരസഭ ഒടുക്കു വരുത്തിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | രൂപയുടെ നഷ്ടം | |
| 2016-17 | 2-7 | 2017-18 | - | റിസോർട്ടുകളിൽ കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിൽ നഗരസഭയ്ക്ക് നഷ്ടം | ഓഡിറ്റ് പരാമർശ പ്രകാരം 90 രൂപ നിരക്കിൽ തുക ഈടാക്കുന്നതിന് കക്ഷിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2016-17 | 2-8 | 2017-18 | - | നഗരസഭയിലെ കേദാരം വില്ലേജ് റിസോർട്ടിലെ അനധികൃത നിർമ്മാണം സംബന്ധിച്ച്. | നടപടി സ്വീകരിച്ചു വരുന്നു. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 37,86,55,638/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 36,24,62,534/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,13,500/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 40,78,523/- |

(ബി). നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,13,500 | ശ്രീ.ജയകൃഷ്ണൻ,വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 1,75,758/- | ഡോ.ദിവ്യ,മെഡിക്കൽ ഓഫീസർ<br>കുടുംബാരോഗ്യകേന്ദ്രം,<br>ചെതലയം |
| 1-36 | 15,70,949/- | ശ്രീ.കെ.മുനവർ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-37 | 45,316/- | ശ്രീ.കെ.മുനവർ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-40 | 5,86,500/- | ശ്രീ.ജയകൃഷ്ണൻ,വെറ്ററിനറി സർജൻ |
| 1-41 | 1700000/- | ശ്രീമതി.സുമിന.ടീ.എസ്,കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ശ്രീ.ജയകൃഷ്ണൻ,
വെറ്ററിനറി സർജൻ,
പത്മശ്രീ,
ഫാത്തിമഹോസ്പിറ്റലിന് സമീപം,
കൽപ്പറ്റ

## 4-10 ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-86,86-87 | Lf(w)p1-397/2000(6)/24.06.2000 |
| 1987-88,89-90 | Lf(w)p1-397/2000(6)/24.06.2000 |
| 1990-91,91-92 | LF(w)P3-209/98/5.09.07 |
| 1992-93,93-94 | LF(w)P3-280/98/6.6.07/6.11.07 |
| 1994-95,95-96 | LF(w)P3-550/98/6.6.07/6.11.07 |
| 1996-97 | LF(W)p2-104/99/08.10.99 |
| 1997-98 | LF(W)p2-805/99/09.03.01 |
| 1998-99 | LF(W)p1-536/02(1)/15.02.2005 |
| 1999-2000 | LF(W)p1-10/02/28.05.2003 |
| 2000-2001(plan) | LF(W)P4-476/2003/10.08.2004 |
| 2000-2001 | LF(W)P4-472/2004/10.02.2006 |
| 2001-02 | LF(W)P4-85/2006/03.03.2007/11.02.2008 |
| 2002-03 | LF(W)P4-202/2006/14.02.2008/25.03.2008 |
| 2003-04 | LF(W)P4-395/10/16.8.10 |
| 2004-05 | LF(W)P4-784/2009/02.02.11 |
| 2005-06 | LF(W)P4-749/2009/02.12.2009 |
| 2006-07 | LF(W)P4-267/2010/16.11.2010 |
| 2007-08 | LF(W)P4-248/12/24.08.12 |
| 2008-09 | LF(W)P4-247/11/31.12.11 |
| 2009-10 | LF(W)P4-467/12/24.08.12 |
| 2010-11 | LF(W)P4-820/12/21.04.15 |
| 2011-12 | LF(W)P4- 625/13/20.11.2014/13.01.2015 |
| 2012-13 | LF(W)P3-226/15/05.05.16 |
| 2013-14 & 2014-15 | LF(W)P3-681/16/05.05.2016 |
| 2015-16 | കെ.എസ്.എ(ഡബ്ള്യൂ.വൈ.ഡി.)എം.2-132/17/24.03.17 |
| 2015-16 (01.11.2015 മുതൽ നഗരസഭ ആയി മാറി) | കെ.എസ്.എ(ഡബ്ള്യൂ.വൈ.ഡി.)എം.2-75/17-23/05/2017 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 2-611/17/06/05/2019 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 2-143/19-09.12.2019 |
| 2018-19 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം.3-119/2020 /12.03.20 |

കുറിപ്പ് -01.11.2015 മുതൽ നഗരസഭയും അതിനുമുൻപ് ഗ്രാമപഞ്ചായത്തും ആയിരുന്നു.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്